# കർമ്മല കുസുമം.

പുസ്തകം ൨൩ } ൧൯൨൭ ഫെബ്രുവരി. { ലക്കം ൨


നി. വ. മഹാ ദിവ്യശ്രീ കണ്ടത്തിൽ മാർ
ആഗസ്തീനോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ

## ആശീർവാദ ലേഖനം.

കത്തോലിക്കാ സഭാസംബന്ധമായും സാമുദായികമായുമുള്ള കാര്യങ്ങൾ യഥായോഗ്യം പ്രതിപാദിക്കുന്ന ഏക മലയാള ത്രൈവാരികപ്പത്രമായ "നസ്രാണി ദീപിക" എല്ലാപ്രകാരത്തിലും അഭിവൃദ്ധി പ്രാപിച്ചുകാണുന്നതിൽ നാം സന്തോഷിക്കയും അതിൻെറ പ്രവർത്തകന്മാരെ ഹൃദയപൂർവ്വം ആശീർവ്വദിക്കയും ചെയ്യുന്നു.

വിശ്വാസത്തിനും സന്മാർഗ്ഗത്തിനും യോജിക്കാത്ത പ്രസിദ്ധീകരണങ്ങൾ പ്രതിദിനം വർദ്ധിച്ചുവരുന്ന ഇക്കാലത്തു് അവയുടെ നാശകരമായ ആക്രമണങ്ങളിൽനിന്നു് നമ്മുടെ കുടുംബങ്ങളെ രക്ഷിക്കയും ദൈവഭക്തി വർദ്ധിപ്പിക്കയും ചെയ്യുന്നതിനു "നസ്രാണിദീപിക", "കർമ്മലകുസുമം" മുതലായ പ്രസിദ്ധീകരണങ്ങൾക്കു നമ്മുടെ വീട്ടുകളിൽ സ്ഥലമനുവദിക്കേണ്ടിയിരിക്കുന്നു

കത്തോലിക്കാ കുടുംബങ്ങളിലെല്ലാം "കർമ്മലകുസുമം" വരുത്തി വായിക്കണമെന്നു് നാം ബലമായി ഉപദേശിക്കുന്നു.

† Augustin Kandathil,
*Archbp. Ernakulam.*

## പരിശുദ്ധ കന്യകയുടെ താരാട്ട്.

(ഗാഥ)

(പീടിയേക്കൽ ബ. യൗസേപ്പച്ചൻ സുറിയാനിൽനിന്നു് ഗദ്യത്തിൽ ഭാഷാന്തരം ചെയ്തിട്ടുള്ളതിനെ അടിസ്ഥാനമാക്കി എഴുതിയതു്.)

അന്നു ഞാൻ ബേത്ലഹേമിൽക്കൂടി നടന്നപ്പോ — ളെന്നുടെ കണ്ണുകൾ രണ്ടിനെയും
ആനന്ദവാരാശി തന്നിലാറാടിച്ച — ഗാനം കേട്ടൊന്നു ഞാനമ്പരന്നു.
മേരി തന്നോമനത്താരാട്ടാണായതി — ന്നാരിൽ കുതൂഹലമേകുകില്ല
മോദമായ് കുഞ്ഞിനെത്താലോലിച്ചാ ധന്യ — സമ്പന്നമോദേന പാടീടുന്നു:—

എന്നുടെ പൊന്നാരപ്പൈതലേ നിന്നെ ഞാനൊന്നു വിളിക്കേണ്ടതേതുവിധം
പേരുവിളിക്കേണ്ടതെങ്ങനെ ഞാനിപ്പോൾ താരാട്ടു ചൊൽവതുമേതുമട്ടിൽ
എന്നെ നീയൊന്നു പഠിപ്പിക്കവേണമേ! പൊന്നുണ്ണി നിന്നെ വിളിച്ചീടുവാൻ
കർത്താവെന്നോതുന്നതെങ്ങനെ നിന്നെ ഞാൻ മർത്ത്യനായ് കാണുക കാരണത്താൽ.
കൈത്തണ്ടിലാക്കിക്കൊണ്ടാലിംഗനം ചെയ്തു മുത്താൻ ചുംബനം ചേർക്കുന്നല്ലോ
മാനവനെന്നു ഹാ ചൊൽവതുമെപ്പടിയും വാനവസൈന്യങ്ങൾ വന്നു നിന്നെ.
"ഉന്നതനുന്നതൻ" "ശുദ്ധൻ" "പരിശുദ്ധൻ" എന്നു പുകഴ്ത്തി നമിക്കുന്നല്ലോ
തെല്ലും മനസ്സിലാകുന്നില്ല നിൻ നാമം ചൊല്ലേണ്ടതേതു പ്രകാരമെന്ന്.
എന്നെ നീയൊന്നു പഠിപ്പിക്കവേണമേ! പൊന്നുണ്ണി നിന്നെ വിളിച്ചീടുവാൻ
രാജാവെന്നോതുവാനാൾക്കാരും സമ്പത്തും രാജ്യവും പട്ടണം കോട്ടകളും.
രാജചിഹ്നങ്ങളാമാനയും കാലാളും തേരുമില്ലശ്വവുമങ്ങേയ്ക്കൊന്നും
തെല്ലും മനസ്സിലാകുന്നില്ല നിൻനാമം ചൊല്ലേണ്ടതേതുപ്രകാരമെന്ന്
എന്നെ നീയൊന്നു പഠിപ്പിക്കവേണമേ പൊന്നുണ്ണി നിന്നെ വിളിച്ചീടുവാൻ
ദാസനെന്നോതാമോ പൂർവ്വദിക് പാലന്മാർ നിൻസന്നിധാനത്തിലോടിയെത്തി.
പൊൻകിരീടങ്ങളെ ദൂരത്തുവച്ചിതാ കുമ്പിട്ടു നിന്നെ വണങ്ങുന്നല്ലോ.
എന്നാൽ പ്രഭുവെന്നു ചൊല്ലാവതെങ്ങനെ അന്നമോ വസ്ത്രമോ അങ്ങേയ്ക്കില്ല
പിന്നെ ഞാനെങ്ങനെ ചൊല്ലുന്നു പൊന്നുണ്ണി എന്നെ നീ വേഗം പഠിപ്പിക്കണേ!
ഓപ്പീർദേശത്തിലെ സ്വർണ്ണവും വെള്ളിയും ഭൂപാലരർപ്പണം ചെയ്തിടുന്നു.
ആകയാൽ പാടില്ലഗതിയെന്നോതാൻ നീ പൂഴിപോൽ കല്പിക്കുന്നായവയെ
തേജോരാശിവായ് മലർകൊണ്ടു പാല്പുണ്ണും നിൻ പൂർവ്വികമോർത്തു ഞാൻ വിസ്മയം നന്ന്.
ചൊൽവതും ന്യായമല്ലെവ്വിധമാഹന്ത പേർവിളിക്കേണ്ടു ഞാൻ കണ്ണിലുണ്ണി!
പൈതലെന്നോതുകിൽ താതനാം ദാവീദു പ്രാതഃജ്യോതിസ്സെന്നു ചൊല്ലിക്കൊണ്ട്.
വാഴ്ത്തുന്നവാണിയെയധികരിച്ചീടുമേ പിന്നെ ഞാനെങ്ങനെ ചൊല്ലിടേണ്ടു.

സി. എം. സെബാസ്റ്റ്യൻ അതിരമ്പുഴ.

~~~~~~~~~~~~~~~~~~~~~~~~~~~~

## കുസുമ മത്സരം.

നാല്പത്തൊമ്പതു സ്ഥലങ്ങളിൽനിന്നായി ൧൨൧ പുതിയ വരിക്കാർ ഇക്കഴിഞ്ഞ മാസത്തിൽ കുസുമമത്സരത്തിൽ ചേർന്നിട്ടുണ്ട്. ഇനി കൂടുതൽ സ്ഥലങ്ങളിൽനിന്ന് ഇതിലേക്ക് ആളുകളെ സ്വീകരിക്കുന്നതല്ല. ആകയാൽ ഈ നാല്പത്തൊമ്പതു സ്ഥലങ്ങൾ തമ്മിലാണ് അടുത്ത ജൂലൈമാസം ൩൧-നു വരെ മത്സരം നടത്തേണ്ടത്. അതിൽ ഒന്നാമതും രണ്ടാമതും മൂന്നാമതും നില്ക്കുന്ന സ്ഥലങ്ങളിലെ പുതിയ വരിക്കാർക്കും അവരെ ചേർത്തവരുണ്ടെങ്കിൽ അവർക്കുമാണ് കീർത്തിമുദ്ര നൽകപ്പെടുന്നത്. ഇന്നുവരേയുള്ള കണക്കുപ്രകാരം ഒന്നാമതു നിൽക്കുന്ന കുറവിലങ്ങാട്ടു നിന്നു 18-ം, രണ്ടാമതു ചേർത്തലനിന്നു 9-ം, മൂന്നാമതു ചങ്ങനാശേരിയിൽ നിന്നു 8-ം പുതിയ വരിക്കാരാണു ചേർന്നിട്ടുള്ളത്. ബാക്കിയുള്ള സ്ഥലങ്ങളുടെ പേരുവിവരവും വരിക്കാരുടെ എണ്ണവും താഴെക്കുറിക്കുന്നു:— ആറുവരിക്കാർ. പുത്തൻതോപ്പ്, കോയിൽവിള.

അഞ്ച് — മണിമല.

നാല് — കോതമംഗലം, പെൻകുന്നം, കാഞ്ഞിരക്കോട്ടു, കല്ലേറുങ്കര.

മൂന്ന് — സിലോൺ.

രണ്ട് — ഉദയംപേരൂർ, ഉഴവൂർ, കാഞ്ഞിരപ്പള്ളി, കുത്താട്ടുകുളം, വെളിയനാട്, കൊച്ചി, കൊല്ലം, മൂവാറ്റുപുഴ, ആനിക്കാട്ടു, രാമപുരം, പറവൂർ, കറുകച്ചാൽ.

ഒന്ന് — ഭരണങ്ങാനം, കുടമാളൂർ, മാള, കാഞ്ഞിരമറ്റം, കപ്പാട്ടു, കുറുമ്മാവു, കോട്ടപ്പടി, അതിരമ്പുഴ, അങ്കമാലി, ചിറക്കടവു, ചെറുവാണ്ടൂർ, തലശ്ശേരി, വൈക്കം, കടുത്തുരുത്തി, ആലപ്പുഴ, ചേർപ്പുങ്കൽ, മുത്തോലി, ഒല്ലൂർ, പുന്നത്തുറ, തൊടുപുഴ, പുളിങ്കുന്ന്, മുണ്ടക്കയം, വരാപ്പുഴ, കാഞ്ഞിരത്താനം, പുതുക്കാട്ട്, പാവർട്ടി.
~~~~~~~~~~~~~~~~~~~~~~~~~~~~

## മലങ്കര സുറിയാനി റീത്തുകാർക്ക സഭാസംബന്ധമായ ഹയരാർക്കി സ്ഥാപിക്കുന്നതിനെ വിഷയീകരിച്ചുള്ള ശ്ലീഹായിക്കടുത്ത

# തിരുവെഴുത്ത്.

ദൈവത്തിന്റെ ദാസന്മാരുടെ ദാസനായ

### പീയൂസ് മെത്രാൻ

സംഗതിയുടെ ശാശ്വതസ്മരണയ്ക്കായിട്ട്.

(തുടർച്ച)

ചങ്ങനാശേരി, തൃശ്ശൂർ, കോട്ടയം, എന്ന മറ്റു മൂന്നു സിംഹാസനങ്ങളെ, അപ്രകാരം തന്നെ, മെത്രാസനരൂപതകളുടെ പദവിയിലേക്കും മഹിമയിലേക്കും നാം ഉയർത്തുകയും അവയ്ക്കും അവയുടെ അതാതുകാലത്തെ മെത്രാന്മാർക്കും പൊതുനിയമപ്രകാരവും മലങ്കരസുറിയാനിസഭയുടെ വ്യവസ്ഥകളും ന്യായമായനടപ്പുകളുമനുസരിച്ചുള്ള അധികാരങ്ങളേയും വിശേഷാവകാശങ്ങളേയും ബഹുമതികളേയും പ്രത്യേകാധികാരങ്ങളേയും നൽകുകയും ഈ മെത്രാസനരൂപതകളേയും അവയുടെ അതാതുകാലത്തെ മെത്രാന്മാരെയും എറണാകുളംമെത്രാപ്പോലീത്തൻ രൂപതയുടെ സഫ്റഗൻ രൂപതകളായി സ്ഥാപിക്കുകയും ചെയ്യുന്നു.

എറണാകുളം അതിരൂപതയുടെയും, ചങ്ങനാശേരി, തൃശ്ശൂർ, കോട്ടയം ഈ രൂപതകളുടെയും അതിർത്തികൾ, സ്ഥിരസിംഹാസനങ്ങളായി ഇപ്പോൾ ഉയർത്തപ്പെട്ടിരിക്കുന്ന ഓരോ ശ്ലീഹായ്ക്കടുത്ത വികാരിയാത്തുകൾക്കും ഇതേവരെയുണ്ടായിരുന്ന അതിർത്തികൾ തന്നെ ആയിരിക്കുന്നതാണ്.

വൈദികരുടെയും വിശ്വാസികളുടെയും അവകാശങ്ങളേയും ചുമതലകളേയും സംബന്ധിച്ചും, അതിരൂപതയിലും രൂപതകളിലും സിംഹാസനം ഒഴിവാകുമ്പോഴത്തെ ഭരണകാര്യത്തിലും, ഇപ്രകാരമുള്ള മറ്റു സംഗതികളിലും; വിശുദ്ധ കാനോനകളും മലങ്കരസുറിയാനിസഭയുടെ ന്യായമായ നടപ്പുകളും, വ്യവസ്ഥപ്പെടുത്തുകയും നിശ്ചയിക്കുകയും ചെയ്യുന്നവയെ അനുസരിച്ചുകൊള്ളണമെന്ന് നാം ആജ്ഞാപിക്കുന്നു.

എറണാകുളം മെത്രാപ്പോലീത്തായും, ചങ്ങനാശേരി, തൃശ്ശൂർ, കോട്ടയം ഈ രൂപതകളിലെ മെത്രാന്മാരും, എറണാകുളം, ചങ്ങനാശേരി, തൃശ്ശൂർ, കോട്ടയം ഈ പട്ടണങ്ങളിൽ മെത്രാപ്പോലീത്തയുടെയോ മെത്രാന്റെയോ വാസസ്ഥാനവും സിംഹാസനവും സ്ഥാപിക്കുന്നതിന് ഏറ്റവും യോജിച്ച പള്ളി തിരിഞ്ഞെടുത്തുകൊള്ളേണ്ടതാകുന്നു. പ്രസ്തുത ദേവാലയങ്ങളെ നാം ഇപ്പോൾ മുതൽ മെത്രാപ്പോലീത്തൻ പള്ളിയുടെയൊ മെത്രാസനപ്പള്ളികളുടെയോ, പദവിയിലേക്കും മഹിമയിലേക്കും ഉയർത്തുകയും, അവ ഇടവകപ്പള്ളികളായിരുന്നെങ്കിൽ, അതേ ഇടവകസ്ഥാനം മേലിലും പാലിച്ചുകൊള്ളുവാൻ ആജ്ഞാപിക്കുകയും ചെയ്യുന്നു.

എന്നാൽ ഇക്കാര്യം ആരെയെല്ലാം സംബന്ധിക്കുന്നുണ്ടോ, അല്ലെങ്കിൽ തങ്ങളേയും സംബന്ധിക്കുന്നുണ്ടെന്ന് ആരെല്ലാം വിചാരിക്കാനിടയുണ്ടോ, അവർ സ്പഷ്ടമായും പ്രത്യേകമായും ഓരോരുത്തരായും എടുത്തുപറയുവാൻ അർഹരാണെന്നിരുന്നാൽതന്നെയും, അവരിൽ ആരുടെയെങ്കിലും വാദം കേട്ടിട്ടില്ലെന്നോ, മേൽപ്രസ്താവിച്ചവയെ അവർ സമ്മതിച്ചിട്ടില്ലെന്നോ, ഉള്ള കാരണത്താൽപോലും, സത്യഗോപനം, അസത്യപ്രകടനം, അസാധുത്വം എന്നീ

ദ്ദൃഷ്യങ്ങളെയാകട്ടെ, നമ്മുടെ നിയോഗം സംബന്ധിച്ചുള്ള ന്യൂനതയേയൊ, സാരമായതും കണ്ടുപിടിച്ചിട്ടില്ലാത്തതുമായ മറേറതെങ്കിലും ന്യൂനതയേയൊ ആകട്ടെ ആരോപിച്ച്, ഈ ലേഖനത്തേയും അതിൽ അടങ്ങീട്ടുള്ള ഏതെങ്കിലും സംഗതിയേയും ഒരുകാലത്തും അപലപിക്കയൊ തൎക്കവിഷയമാക്കുകയൊ ചെയ്യരുതു. അതു് നിശ്ചയമായ അറിവോടും പൂൎണ്ണമായ അധികാരപ്രയോഗത്താലും രചിച്ചു് പുറപ്പെടുവിച്ചിട്ടുള്ളതെന്ന നിലയിൽ ബലപ്പെട്ടിരിക്കുന്നുവെന്നും ഇരിക്കുമെന്നും, അതിൻെറ ഫലങ്ങളെ അതു് പൂൎണ്ണമായും സമഗ്രമായും പുറപ്പെടുത്തുകയും പ്രാപിക്കയും ചെയ്യുമെന്നും, ആരെയെല്ലാം അതു് ഉദ്ദേശിക്കുന്നുവോ, അവരെല്ലാവരും അതിനെ അലംഘ്യമായി അനുസരിച്ചുകൊള്ളേണ്ടതാണെന്നും, നേരെമറിച്ച് യാതൊരുത്തൻ ഏതൊരു അധികാരപ്രയോഗത്താലാകട്ടെ അതിനോടു അറിഞ്ഞൊ അറിയാതെയൊ എതിൎക്കാനിടയാകുന്നപക്ഷം അതു് (എതിൎപ്പ്) പരിഛേദം അസാധുവും ദുൎബലവുമാണെന്നും ആയിരിക്കുമെന്നും, നാം നിശ്ചയിക്കയും തീൎച്ചപ്പെടുത്തുകയും ചെയ്യുന്നു.

ആകയാൽ മേൽവിവരിച്ചവിധം ഈ വ്യവസ്ഥകൾ ചെയ്തുകൊണ്ടു് അവയെ എല്ലാം നടപ്പിൽ വരുത്തുന്നതിനു് കിഴക്കേ ഇൻഡ്യയുടെ നമ്മുടെ ഡലഗാദ് അപ്പസ്തോലിക്കയെ നാം നിയോഗിക്കയും, അതനുസരിച്ചു് അയാൾക്കു ആവശ്യമുള്ളതും അവസരോചിതങ്ങളുമായ അധികാരങ്ങളെ നൽകുകയും ചെയ്യുന്നു. ഉദ്ദിഷ്ടകാൎയ്യസാദ്ധ്യത്തിനു്, സഭാസംബന്ധമായ ഉദ്യോഗത്തിലൊ പദവിയിലോ ഇരിക്കുന്ന വേറൊരാളെ പകരം നിയമിക്കുന്നതിനും, ഇതിനെ നടപ്പിൽ വരുത്തുമ്പോൾ ഏതെങ്കിലും വിഷമതയോ വിരോധമോ ഉണ്ടായാൽ അതിനെപ്പററി ഖണ്ഡിതമായി വിധി കല്പിക്കുവാനും, അയാൾക്കു അധികാരമുണ്ടായിരിക്കുന്നതുമാണു്. ഇതിനുംപുറമെ, ഈ ലേഖനം നൽകിയ തീയതി മുതൽ ആറു മാസത്തിനകം, നമ്മുടെ ഈ കല്പന നടപ്പിൽ വരുത്തിയതിൻെറ പ്രമാണയോഗ്യമായ ഒരു റിപ്പോൎട്ടു് പൌരസ്ത്യസഭയുടെ തിരുസംഘത്തിലേക്ക് അയക്കേണമെന്നു് നാം അയാളെ ചുമതലപ്പെടുത്തുകയും ചെയ്യുന്നു.

അവസാനമായി ഈ ലേഖനത്തിൻെറ എഴുതിയതൊ അച്ചടിച്ചതോ ആയ പകൎപ്പുകൾക്കു് ഒരു പബ്ലിക്ക് നോട്ടറിയുടെ കയ്യൊപ്പും സഭാസംബന്ധമായ പദവിയിലിരിക്കുന്ന ഒരാളുടെ മുദ്രയുമുള്ളപ്പോൾ അവയെ ഇതിൻെറ മൂലപ്രതി തന്നെ ഹാജരാക്കുകയൊ കാണിക്കുകയൊ ചെയ്താൽ വിശ്വസിക്കാവുള്ളതുപോലെ വിശ്വാസയോഗ്യമായി സ്വീകരിക്കണമെന്നു് നാം കല്പിക്കുന്നു.

ശ്ലൈഹികസംബന്ധമായും പ്രാദേശികമായും പൊതുവായും സാൎവ്വത്രികമായുമുള്ള സൂനഹദോസുകളിൽ നിന്നു് പ്രസിദ്ധപ്പെടുത്തീട്ടുള്ള ചട്ടങ്ങൾ, പ്രത്യേകമായോ പൊതുവായൊ ഉള്ള ശ്ലീഹാസ്ഥാപിതനിയമങ്ങളും വ്യവസ്ഥകളും, നമ്മുടെ മുൻഗാമികളായ റോമ്മാമാൎപ്പാപ്പാമാരുടെ മറേറതെങ്കിലും നിശ്ചയങ്ങൾ, ഇത്യാദികളിൽ ഇതിനു വിപരീതമായി എന്തെങ്കിലും ഉണ്ടെങ്കിൽ അവ ഇതിനു ബാധകമാകയില്ല.

അതുകൊണ്ടു്, നാം സ്ഥാപിക്കയും ഉയൎത്തുകയും വ്യവസ്ഥപ്പെടുത്തുകയും ആജ്ഞാപിക്കുകയും ദുർബലപ്പെടുത്തുകയും നമ്മുടെ ഹിതം പ്രസ്താവിക്കുകയും ചെയ്തിട്ടുള്ള നമ്മുടെ ഈ ലേഖനത്താൽ തീൎച്ചപ്പെടുത്തീട്ടുള്ളവയെ യാതൊരുത്തനും ലംഘിക്കയൊ, അവയ്ക്കെതിരായി പ്രവൎത്തിക്കയൊ ചെയ്തുകൂടാ.

എന്നാൽ അങ്ങിനെ ചെയ്വാൻ ആരെങ്കിലും മനഃപൂൎവ്വം തുനിയുന്നപക്ഷം, സൎവ്വശക്തനായ ദൈവത്തിൻെറയും, അവിടുത്തെ ഭാഗ്യപ്പെട്ട ശ്ലീഹന്മാരായ പത്രോസിൻെറയും പൌലോസിൻെറയും കോപം അവനെ ബാധിക്കുമെന്നു് അവൻ അറിഞ്ഞുകൊള്ളട്ടെ.

റോമ്മയിൽ ശ്ലൂ. പത്രോസിൻെറ

ദേവാലയത്തിങ്കൽ നിന്ന് ൧൯൨൩ ഡിസംബർമാസം ൨൧-ാംതീയതി നമ്മുടെ ഭരണത്തിൻെറ രണ്ടാമത്തെ വൎഷത്തിൽ നൽകപ്പെട്ടതു്.

പൗരസ്ത്യസഭയ്ക്കുവേണ്ടിയുള്ള തിരുസംഘം സെക്രട്ടറി,

കർദിനാൾ ജെ. തംച്ചി.

(ഈയമുദ്ര)

റോമ്മാതിരുസഭയുടെ ചാൻസെലെർ,

കർദിനാൾ ഒ. കജിയാനൊ.

അപ്പസ്തോലിക്ക പ്രൊട്ടൊനോട്ടറി,

റപ്പായേൽ വിരീലി.

അപ്പസ്തോലിക്ക പ്രൊട്ടൊനോട്ടറി,

ഹൂംബെർത്തുസ് ബെനീഞ്ഞി.

## പ്രാൎത്ഥനയേപ്പററി രണ്ടുവാക്ക്.

### III. പ്രാൎത്ഥന പ്രമാണത്താൽ കല്പിക്കപ്പെടുന്നു.

മനുഷ്യൻ മാലാഖാമാരേക്കാൾ അല്പം താഴ്ന്ന ഒരു സൃഷ്ടിയാകുന്നു. അരൂപിയും അമർത്ത്യവുമായിരിക്കുന്ന ഒരാത്മാവോടുകൂടിയ ഒരാളാകുന്നു മനുഷ്യൻ. ദൈവവും അവനെ ഒരാളായിട്ടു വകവയ്ക്കുന്നു. മററുള്ളവയിൽനിന്നു വിഭിന്നമായ ഒരാൾ (persona) ആയിരിക്കുക എന്നതുതന്നെയാണ് മനുഷ്യൻെറ മാഹാത്മ്യം. എന്നാൽ ഈ പുരുഷത്വം (personalitas) ദൈവം മനുഷ്യനെ സൃഷ്ടിച്ച് അവനൊരാത്മാവിനെ നൽകി എന്നതിൽനിന്നുൽഭൂതമായതാണ്. നമ്മെ അപകടത്തിൽ നിന്നും രക്ഷിച്ച ഒരാളോടു നമുക്കു ചില കടമകളുണ്ടെങ്കിൽ ഇല്ലായ്മയിൽ നിന്നും നമ്മെ സൃഷ്ടിക്കയും, തദനന്തരം രക്ഷിക്കയും ചെയ്ത ദൈവത്തോട് നാം എന്തുമാത്രം കടപ്പെട്ടിരിക്കണം? കടമകൾ അവകാശങ്ങളുടെ ഉത്ഭവസ്ഥാനമാകുന്നു. എവിടെ അവകാശമുണ്ടോ അവിടെ കടമ കൂടാതെ കഴികയില്ല. നമുക്ക് ഒരു പുരയിടത്തിൽകൂടി വഴി നടക്കുവാനുള്ള അവകാശമുണ്ടെങ്കിൽ എവിടെയോ പോകുവാനുള്ള കടമയും ഉണ്ടായിരിക്കണം. നാം വെറും വൃക്ഷങ്ങളേയോ പാറകളേയോ പോലെ നിശ്ചലമായിരുന്നെങ്കിൽ അവകാശവും കടമയും പ്രമാണവും ഒക്കെ അജ്ഞാതങ്ങളായിരുന്നേനെ. പക്ഷേ നാം അങ്ങിനെ അല്ല. ജീവിതഗതി തുടരേണ്ട കടമ നമുക്കുണ്ടു്. ദൈവസന്നിധിയിൽ എത്താതെ നമുക്കാശ്വാസത്തിനു വഴിയില്ല. എന്നാൽ അവിടെ എത്തുന്നതിനു പ്രാൎത്ഥന ഒഴിച്ച് വേറെ മാൎഗ്ഗമില്ല. പ്രാൎത്ഥിക്കുക എന്നതു് നമ്മുടെ സ്വാതന്ത്ര്യത്തെ ആശ്രയിച്ചിരിക്കുന്നെങ്കിലും അതു് അവശ്യാവശ്യമായ ഒന്നാകുന്നു. വിശ്വാസംപോലെയോ ശരണംപോലെയോ സ്നേഹംപോലെയോ ആവശ്യമായ ഒരു ഗുണമാകുന്നു പ്രാൎത്ഥന.

ലോകവ്യാപാരങ്ങളിൽ വാക്കിനോളംവിലയുള്ളതായിമറെറാന്നുമില്ല. ഇപ്രകാരം മാനസിക സംഭാഷണത്തെയാണ് സ്രഷ്ടാവായദൈവം നമ്മിൽനിന്നുംപ്രതീക്ഷിക്കുന്നതു്. ആന്തരിയമായിട്ടെങ്കിലും നാം സംഭാഷണം ചെയ്യുന്നില്ലെങ്കിൽപ്രതിഫലം നാസ്തി. നമ്മുടെസ്രഷ്ടാവുംരക്ഷിതാവുമായിരിക്കുന്നദൈവം ആഗ്രഹിക്കുന്നു എന്നുള്ള ഏക കാരണത്താൽതന്നെ പ്രാൎത്ഥിക്കുക എന്നതു് ഒരു പ്രമാണമായിത്തീൎന്നിട്ടുണ്ടു്. പോരാഞ്ഞിട്ടു വേദപുസ്തകത്തിൽ പലയിടത്തും വ്യക്തമായി ആവശ്യപ്പെട്ടിട്ടുമുണ്ടു്.

അടുത്തതിൽ പ്രാൎത്ഥനയുടെ ആവശ്യത്തെപ്പററി കുറഞ്ഞൊന്നു ചിന്തിക്കാം. (തുടരും)

കാപ്പിൽ കുര്യാക്കോസു ശ.
പി. എച്ച്. ഡി.

# അകത്തോലിക്കരുടെ ശ്രദ്ധയ്ക്കു്.

ലോകത്തിലെ കത്തോലിക്കരുടെ സംഖ്യ ഇപ്പോൾ മുപ്പത്തിരണ്ടുകോടിയിൽപ്പരമാണ്. അവൎക്കെല്ലാവൎക്കും "ഒരു കൎത്താവും ഒരു വിശ്വാസവും ഒരു ജ്ഞാനസ്നാനവും" ഒരു പ്രമാണവും മാത്രമേയുള്ളൂ. അവർ ഒരേ കൂദാശകൾ കൈക്കൊള്ളുകയും, ഒരേ ബലിപീഠത്തിന്റെ സന്നിധിയിൽ ആരാധിക്കയും, സൎവ്വസാധാരണനായ ഒരേ അദ്ധ്യാത്മനായകനെ ഭജിക്കയും ചെയ്യുന്നു. ഒരു കത്തോലിക്കൻ ശാഠ്യംമൂലം വിശ്വാസത്തിന്റെ ഏതെങ്കിലും ഒരു സംഗതിയെ ദൌർഭാഗ്യവശാൽ നിഷേധിക്കയോ, ന്യായപ്രകാരമുള്ള തന്റെ അദ്ധ്യാത്മ പാലകന്മാരോടുള്ള സംബന്ധത്തിൽ നിന്നും പിൻവാങ്ങുകയൊ ചെയ്താൽ സഭയുടെ ഒരു അവയവമെന്നുള്ള അയാളുടെ അവസ്ഥ അവസാനിക്കയും വാടിയ ഒരു കൊമ്പുപോലെ വെട്ടിനീക്കപ്പെടുകയും ചെയ്യുന്നു. സഭയുടെ അംഗങ്ങളിൽ ആരെങ്കിലും അതിന്റെ ജീവസ്ഥാനങ്ങളെ ക്രമേണ നശിപ്പിക്കുവാൻ സമ്മതിക്കുന്നതിനു പകരം സഭ അതിന്റെ വലത്തുകൈ വെട്ടിനീക്കി എന്നേവരൂ. എട്ടാം ഹെൻട്രി എന്ന രാജാവിനെ സഭ മതഭ്രംശം ചെയ്തതു് ഈവിധമായിരുന്നു. ദുർമ്മോഹിയായ ആ ഭൂപതി തന്റെ അദ്ധ്യാത്മനാശത്തിൽ ഒരു ജാതിയെ മുഴുവനും ഉൾപ്പെടുത്തുമെന്നു സഭ മുൻകൂട്ടിക്കണ്ടിരുന്നു. എങ്കിലും വിവാഹത്തിന്റെ വിശുദ്ധ നിയമത്തെ ലംഘിക്കുന്നതിൽ അദ്ദേഹം നിർബന്ധിച്ചതിനാൽ സഭ അദ്ദേഹത്തെ ബഹിഷ്കരിക്കയാണു് ചെയ്തതു്. ഡൊളിങ്കർ എന്ന പണ്ഡിതന്റെ നാമത്തിനുള്ള ചിരപ്രതിഷ്ഠിതമായ ഗൌരവം ഹേതുവാൽ ജൎമ്മനി രാജ്യത്തിൽ ഒരു സീസ്മ ഉണ്ടായേക്കുമൊ എന്നു ഭയമുണ്ടായിരുന്നുവെങ്കിലും അദ്ദേഹത്തെ സഭ ശപിക്കയുണ്ടായി. സഭ അതിന്റെ മക്കളോടു പറയുന്നതിപ്രകാരമാണ്. "നിങ്ങൾക്കിഷ്ടമുള്ളപ്രകാരം രാജ്യനീതി സംബന്ധമായ ഏതു പക്ഷത്തെയെങ്കിലും ആശ്രയിച്ചു നിന്നുകൊൾവിൻ; എനിക്കു അതിൽ യാതൊരു കാൎയ്യവുമില്ല." എന്നാൽ വിശ്വാസകാൎയ്യങ്ങളിൽ ഏതിനെയെങ്കിലും അവർ ആക്രമിക്കുമ്പോൾ സഭ അവരോടിപ്രകാരം പറയും. "ഇത്രത്തോളമേ നിനക്കു് വന്നുകൂടൂ; കവിയുവാൻ പാടില്ല; ഇവിടെ നിന്റെ (വഴക്കിന്റെ) തിരമാലകളുടെ ഗൎവ്വം നിറുത്തപ്പെടും" (യോബ് ൩൮. ൧൧) വിശ്വാസത്തിന്റെ ആലയം സമാധാനത്തിന്റെയും യോജ്യതയുടെയും ഐക്യത്തിന്റെയും സങ്കേതസ്ഥലമാകുന്നു.

ഒരു കത്തോലിക്കൻ പെക്കിനിലൊ, മേൽബൊറനിലൊ, ലണ്ടനിലൊ, ഡബ്ലിനിലൊ, പാരീസിലൊ, റോമയിലൊ, ന്യൂയോൎക്കിലൊ; സാൻപ്രാൻസീസ്ക്കോവിലൊ എന്നുവേണ്ടാ, വിശാലമായ ഈ ലോകത്തിലെ ഏതു കത്തോലിക്കാ പള്ളിയിൽ പ്രവേശിച്ചാലും എല്ലായിടത്തും ഒരേ മതം തന്നെ പ്രസംഗിക്കുന്നതു് കേൾക്കയും, ഒരേ ബലികൎമ്മത്തിൽ സംബന്ധിക്കയും, ഒരേ കൂദാശകളെ കൈക്കൊൾകയും ചെയ്യുമെന്നതിനു സംശയമില്ല. ഈ വിചാരം എത്ര ഉൽകൃഷ്ടവും ആശ്വാസപ്രദവുമാകുന്നു!

ഇതു മാത്രമല്ല. സഭയുടെ ഇപ്പോഴത്തെ വിശ്വാസം പൂൎവ്വകാലത്തിൽ അതു ഏതുവിധമായിരുന്നുവോ അതുപോലെതന്നെയാകുന്നു. ഈശോമ്ശിഹാ മലയിൽ വെച്ചു പ്രസംഗിച്ച സമാധാനത്തിന്റെ ആ സുവിശേഷവും; വിശുദ്ധ പത്രോസ് അന്തിയോക്യായിലും റോമയിലും, വിശുദ്ധ പൌലോസു് എഫേസൂസിലും, വിശുദ്ധ യോഹന്നാൻ ക്രിസോസ്തോം കൊൺസ്തന്തിനോപ്പോളിലും, വിശുദ്ധ അഗുസ്തീനോസു് ഹിപ്പോവിലും, വിശുദ്ധ അമ്പ്രോസീസ് മിലാനിലും, വിശുദ്ധ

റെമിജിയൂസ് ഫ്രാൻസിലും, വിശുദ്ധ ബൊനിഫേസ് ജെർമ്മനിയിലും, വിശുദ്ധ അത്തനാസിയൂസ് അലെക്സാന്ത്രിയായിലും പ്രസംഗിച്ച ആ ഉപദേശവും; വിശുദ്ധ പാത്രിക്ക് അയർലാണ്ടിലേക്കു പ്രവേശിപ്പിച്ചതും, വിശുദ്ധ അഗുസ്തീനോസ് ഇംഗ്ലണ്ടിലേക്കും, വിശുദ്ധ പെലാജിയൂസ് സ്കോട്ട്ലണ്ടിലേക്കും കൊണ്ടുവന്നതും ആയ ആ ഉപദേശവും തന്നെയാണ് ഭൂഗോളമെല്ലായിടത്തുമുള്ള കത്തോലിക്കാപ്പള്ളികളിൽ ജനുവരിമാസംമുതൽ ഡിസംബർമാസംവരെ എന്നും പ്രസംഗിക്കപ്പെടുന്നത്. “ഈശോമ്ശിഹാ ഇന്നലെയും ഇന്നും എന്നേക്കും താൻതന്നെ ആകുന്നു.” (എബ്രായ. ൧൩. ൮)

വിശ്വാസകാര്യങ്ങളിലുള്ള വിസ്മയനീയമായ ആ ഐക്യം സഭയുടെ ഭരണത്തിലും സ്ഥാപിക്കപ്പെട്ടിരിക്കുന്നു. കത്തോലിക്കാക്രിസ്ത്യാനികളുടെ ആ മഹാഗണത്തിൽപെട്ട എല്ലാ അംഗങ്ങളും, മാനുഷശരീരത്തിന്റെ അവയവങ്ങൾ ശിരസ്സിനോടു യോജിച്ചിരിക്കുന്നപോലെ, കാണപ്പെടാവുന്ന ഒരു തലവനോടു ദൃഢമായി സംബന്ധിക്കപ്പെട്ടിരിക്കുന്നു. ഓരോ ഇടവകയിലെ വിശ്വാസികൾ അവരുടെ വികാരിക്കും, ഓരോ വികാരി തന്റെ മെത്രാനും കീഴ്പെട്ടിരിക്കയും, ഓരോ മെത്രാൻ വിശുദ്ധ പത്രോസിന്റെ അനുഗാമിയും കത്തോലിക്കാസഭയുടെ നായകനുമായ റോമയിലെ മെത്രാന്റെ അധികാരത്തെ സമ്മതിക്കയും ചെയ്യുന്നു.

എന്നാൽ, സഭ ഓരോ കാലങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഉപദേശസംബന്ധങ്ങളായ വ്യാഖ്യാനങ്ങൾ നിമിത്തം വിശ്വാസത്തിന്റെ ഈ ഐക്യത്തിനു ഭംഗം വരുന്നില്ലയോ എന്നു ആരെങ്കിലും ചോദിച്ചേക്കാം. ഇതിനുള്ള ഉത്തരമെന്തെന്നാൽ, ശ്ലീഹന്മാർ അറിഞ്ഞിട്ടില്ലാത്തതും ആദ്യകാലത്തിലെ ക്രിസ്തീയ വെളിപാടിൽ ഉൾപ്പെട്ടിട്ടില്ലാത്തതും ആയ യാതൊരു പുതിയ ഉപദേശവും സ്വീകരിച്ചുകൂടാത്തതാകുന്നു. (യോഹ. ൧൪: ൨൬; ൧൬: ൧൩) എന്തുകൊണ്ടെന്നാൽ “സത്യാത്മാവായ താൻ വരുമ്പോൾ നിങ്ങളെ സത്യമൊക്കെയും പഠിപ്പിക്കും” എന്നുള്ള നമ്മുടെ കർത്താവിന്റെ പ്രതിജ്ഞപ്രകാരം ശ്ലീഹന്മാർ ദൈവവചനത്തിന്റെ നിക്ഷേപം മുഴുവനും ലഭിച്ചവരാകുന്നു. അതുകൊണ്ടു സഭ വിശ്വാസത്തിന്റെ ഉപദേശങ്ങളെ പ്രസ്താവിക്കുന്നത് അവ മ്ശിഹായുടെ ചുണ്ടുകളിൽ നിന്നും വന്നവിധവും ക്രിസ്തീയ നിയമത്തിന്റെ ഉത്ഭവകാലത്ത് പരിശുദ്ധാത്മാവ് അവയെ പഠിപ്പിച്ചപോലെയും ആകുന്നു. ഈ ഉപദേശങ്ങൾക്കു മാററമോ നാശമോ ഉണ്ടാകുന്നതുമല്ല.

അതിനാൽ, ഏതെങ്കിലും ഒരു ഉപദേശസംഗതി കത്തോലിക്കവിശ്വാസത്തോടു സംബന്ധമുള്ളതാണെന്നു വിവരിക്കപ്പെടുമ്പോൾ ആ ഉപദേശം ശ്ലീഹന്മാർക്കു വെളിപ്പെടുത്തപ്പെട്ടിട്ടുണ്ടായിരുന്നു എന്നും, വേദപുസ്തകമൊ പാരമ്പര്യമൊ വഴിയായി അവരിൽനിന്ന് നമുക്കു കിട്ടീട്ടുണ്ടായിരുന്നു എന്നും പറയുന്നതിനു സമമാണതെന്നു എല്ലാ കാലത്തും ഗ്രഹിക്കപ്പെട്ടു വന്നിരുന്നു. എല്ലാ സൂനഹദോസുകളിലേയും നിശ്ചയങ്ങളാലും വിശ്വാസത്തിന്റെ സകല വ്യാഖ്യാനങ്ങളുടേയും ചരിത്രങ്ങളാലും തെളിവായിരിക്കുന്നപ്രകാരം ഒരു പുതിയ വെളിപാടുണ്ടായെന്ന് ഒരിക്കലും തർക്കിക്കപ്പെട്ടിട്ടില്ല; പ്രസ്തുതോപദേശം വേദപുസ്തകത്തിലൊ അപ്പസ്തോലിക പാരമ്പര്യങ്ങളിലൊ ഉൾപ്പെട്ടിട്ടുള്ളതോ അല്ലയോ എന്നുള്ള ഒരേ സംഗതി തീർച്ചപ്പെടുത്തുന്നതിനായിരുന്നു എല്ലാ അന്വേഷണങ്ങളും ഉദ്ദേശിക്കപ്പെട്ടിരുന്നത്.

സി. അന്തപ്പായി ബി. എ.

# ചോദ്യപ്പെട്ടി.

## അധർമ്മികളും നിത്യനരകവും. (തുടർച്ച.)

ചോ: മോശയുടെ ധർമ്മപ്രമാണത്തിനു് ലംഘനം ചെയ്താൽ, അതിന്റെ ശിക്ഷ മരണമായിരുന്നു. അങ്ങിനെയെങ്കിൽ പാപത്തിന്റെ ശിക്ഷ നിത്യദണ്ഡനമെന്നു് സഭ പഠിപ്പിക്കുന്നതെന്തുകൊണ്ടു്?

ഉ. മോശയുടെ എല്ലാ പ്രമാണലംഘനത്തിനും മരണശിക്ഷ ഉണ്ടായിരുന്നില്ല. പ്രത്യേകം ചില വ്യഭിചാരാദി പാപങ്ങൾക്കു മാത്രമത്രെ കൊലശിക്ഷ കല്പിച്ചിരുന്നതു്. അതു് യൂദസമുദായത്തിന്റെ പൊതുഗുണത്തിനായി യൂദന്മാരുടെ സാമൂഹ്യനേതാവെന്ന നിലയിൽ മോശയെക്കൊണ്ടു് ദൈവം എഴുതിച്ചതാണെന്നു് ഗണിക്കാം. നമ്മുടെ രാജ്യഭരണകർത്താക്കന്മാർ അങ്ങനെ ചില കല്പനകൾ കൊടുക്കാറുണ്ടല്ലോ. കൂടാതെയും, വ്യഭിചാരം മുതലായ പാപങ്ങളിൽ യാതൊരുത്തൻ പരിശീലിച്ചാൽ, ദൈവചിന്ത അവനിൽ അശേഷം ഇല്ലാതെയായി മരണക്കിടക്കയിൽപോലും അനുതപിക്കാതെ മരണശേഷം ഘോരമായ നരകശിക്ഷയിൽ അകപ്പെട്ടുപോകുവാൻ വളരെ എളുപ്പമുള്ളതുനിമിത്തം ദയനിറഞ്ഞ യഹോവാ, വ്യഭിചാരികളേയും മറ്റും വധിക്കണമെന്നു് പ്രത്യേകം കല്പിച്ചതു്, മരണശിക്ഷ ഈദൃശ പാപത്തിന്റെ കൂലിയാകണമെന്നതിനേക്കാൾ തൽപ്രതിബന്ധകമായിരിക്കണമെന്നു് ഉദ്ദേശിച്ചിട്ടാണെന്നു് നിസ്സംശയം പറയാം.

ചോ. പഴയ നിയമത്തിലെ ബലികൾകൊണ്ടു് എങ്ങനെ നരകശിക്ഷയ്ക്കു് പരിഹാരമുണ്ടാകും?

ഉ. ക്രിസ്തുവിന്റെ ബലിയെ അവ സൂചിപ്പിച്ചിരുന്നതുകൊണ്ടുമാത്രം.

ചോ. പാപത്തിന്റെ ശിക്ഷ നിത്യനരകവേദനയെങ്കിൽ പാപപരിഹാരാർത്ഥം ക്രൂശിന്മേൽ മരിച്ച ഈശോ നരകത്തിലെ നിത്യവേദനയുംകൂടി അനുഭവിക്കാതിരുന്നാൽ പാപത്തിനു എങ്ങനെ നിയമദൃഷ്ട്യാ പരിഹാരമുണ്ടാകും?

ഉ. ഈശോ നിത്യനായ ദൈവമായിരിക്കയാൽ അങ്ങനെ കഷ്ടപ്പെടേണ്ട ആവശ്യമില്ല. പൊന്നുകൊടുത്തു ചെമ്പു വാങ്ങിക്കുന്നതു് തൂക്കത്തിനുതൂക്കമല്ലല്ലോ. ഈശോ ക്രൂശിന്മേൽ മരിക്കാതെ ഒരു തുള്ളി രക്തംമാത്രം ചിന്തിയാലും നമ്മുടെ പാപപരിഹാരത്തിനു് അതു മതിയായിരുന്നു. അതും അത്യാവശ്യമില്ല. എങ്കിലും താൻ മരിക്കാൻ തിരുമനസ്സായതു നമ്മോടുള്ള തന്റെ അതിരറ്റ സ്നേഹംനിമിത്തവും പാപമെന്നതിലൊഴികെ സകലത്തിലും നമ്മോടു തുല്യമായിത്തീരണമെന്നുള്ള തന്റെ ആഗ്രഹംനിമിത്തവുമാണു്.

പ്രസ്തുത ഉത്തരം പ്രതീക്ഷിച്ചുകൊണ്ടു് ഇതിനെതിരായി അവർ വീണ്ടും ചോദിക്കുന്നു:— ഈശോയ്ക്കു ദൈവസ്വഭാവത്തിൽ യാതൊരു വേദനയും അനുഭവിക്കാൻ വഹിയാതിരിക്കെ അതിരുള്ളതായ മനുഷ്യസ്വഭാവത്തിൽ മാത്രം താൻ സഹിച്ച ക്ലേശത്തിനു് എങ്ങനെ യഥാർത്ഥത്തിൽ അതിരറ്റ യോഗ്യത ഉണ്ടാകും. അതിരറ്റ യോഗ്യതയില്ലെങ്കിൽ പാപിയുടെ അതിരറ്റ ശിക്ഷക്കു എങ്ങനെ സമമായ പരിഹാരം ഉണ്ടാകും?

ഉ. ഈ ചോദ്യത്തിൽ കുറെ യുക്തിയുള്ളതാകയാൽ ഉത്തരം അല്പം ദീർഘിക്കും. ക്രിസ്തു മനുഷ്യസ്വഭാവത്തിൽ പരിമാണമുള്ളവനാകയാൽ തൽസ്വഭാവത്തിലെ ക്ലേശാനുഭവങ്ങൾക്കു സാ[illegible]ികമായ പരിമാണമുണ്ടെന്നു സമ്മതിക്കുന്നു. എന്നാൽ ഇതു നമ്മുടെ പാപപരിഹാരത്തിനു ധാരാളം മതിയായതാണു്. എന്തെന്നാൽ പാപികളായ

മനുഷ്യർ പരിമാണമുള്ളവരാകയാൽ അവരുടെ അധൎമ്മത്തിനും അതിരുണ്ടു്. അതിരുള്ള അധൎമ്മത്തിനു അനന്തമായ ശിക്ഷയുണ്ടായതിന്റെ കാരണമാണു ആലോചിക്കേണ്ടതു്. പാപം യാതൊരുവനിൽ സ്ഥിതിചെയ്യുന്ന കാലത്തോളം അവൻ ശിക്ഷിക്കപ്പെടേണ്ടതാണെല്ലോ. മരണശേഷം പാപികൾക്കു മാനസാന്തരം അഥവാ, പശ്ചാത്താപം അസാദ്ധ്യമാകുന്നു. അതിനാലത്രെ "കൎത്താവെ, പാതാളത്തിൽ ആരു നിന്നോടു പിഴ ഏറ്റുപറയും?" എന്നു ദാവീദു സങ്കീൎത്തനം ൬, ൬ ചോദിക്കുന്നതു്. ഉത്തമമായ മനസ്താപം മാത്രമാണു് പാപത്തെ വേരോടെ പറിച്ചു മാററുന്നതു്. നരകാത്മാക്കൾക്കു അനുതപിപ്പാൻ ഭാഗ്യം ലഭിച്ചിരുന്നെങ്കിൽ അവരുടെ ശിക്ഷയ്ക്കു അവസാനമുണ്ടാകുമായിരുന്നു. എന്നാൽ അതിനു നിവൃത്തിയില്ല. തന്നിമിത്തം അവരുടെ പാപം നിത്യം സ്ഥിതിചെയ്യുന്നു. അതുകൊണ്ടു അവരുടെ പാപത്തിന്റെ ശിക്ഷയും നിത്യമായിരിക്കാതെ ഗത്യന്തരമില്ല.

ഈശോയുടെ മരണം നിമിത്തം പാപികളായ നമുക്കു് അവശ്യം സിദ്ധിച്ച പ്രയോജനം എന്തെന്നത്രെ ഇനി പരിശോധിക്കേണ്ടതു്. പാപത്തിന്റെ കൂലി മരണം എന്നു് വി. പൌലോസ് (റോമാ ൬. ൨൩-ൽ) എഴുതിയിരിക്കുന്നു. അതിനാൽ പാപികൾ മരിക്കാതിരിപ്പാൻ യാതൊരവകാശവുമില്ലെന്നു് തെളിയുന്നു. അധൎമ്മം ചെയ്തതിന്റെ ശേഷം ഒരു നിമിഷത്തിന്റെ ലക്ഷത്തിലൊരംശം പോലും ഇഹത്തിൽ ജീവിക്കുന്നതിനു് പാപികൾ അവകാശമില്ല. "നീ അതിൽ നിന്നു ഭക്ഷിക്കുന്ന ദിവസം നീ മരണത്താൽ മരിക്കും." (സൃഷ്ടി ൨. ൧൭) എന്നല്ലയോ ആദാമിനോടു് ദൈവം കല്പിച്ചതു്. എന്തുകൊണ്ടു് ദൈവം തന്റെ പൂൎവ്വകല്പനയെ ഭേദപ്പെടുത്തി ആദാമിനു് അനുതാപഭാഗ്യം പ്രദാനം ചെയ്തു? തൊള്ളായിരത്തി മുപ്പതു വൎഷത്തേക്കു പശ്ചാത്താപം ചെയ്യുന്നതിനു് യഹോവാ ആദാമിനു് സമയം കൊടുത്തതിന്റെ കാരണമെന്തു്? ഇതാ ക്രിസ്തുവിന്റെ രക്തത്തിന്റെ വില. പാപം ചെയ്ത ക്ഷണത്തിൽ മരിച്ചു് നരകാഗ്നിക്കിരയായിത്തീരേണ്ട മനുഷ്യൻ, ഏതാനും കാലഘട്ടം ആ ശിക്ഷയിൽ നിന്നു് വിമുക്തനായി അനുതാപവൃത്തിയിൽ ജീവിതം നയിപ്പാൻ അവനു് ഭാഗ്യം ലഭിക്കയാണു് ഈശോയുടെ പീഡാനുഭവങ്ങളുടെ ഒരു ഫലം. അനുതാപഭാഗ്യലബ്ധ്യൎത്ഥം പാപിക്കു സിദ്ധിച്ചതായ കാലഘട്ടം നിത്യമായതല്ലാത്തതിനാൽ അതു് വീണ്ടെടുക്കുന്നതിനായി നിത്യമായ വേദന രക്ഷകനായ ക്രിസ്തു സഹിക്കേണ്ടതില്ലെന്നു് സുസ്പഷ്ടമല്ലയോ? അതിനാൽ വാത്സല്യ സഹോദരങ്ങളേ, ഈശോയുടെ അമൂല്യമായ രക്തത്താൽ പാപികളായ നമ്മുടെ മാനസാന്തരാൎത്ഥം നമുക്കായി നരകത്തിൽ നിന്നു വീണ്ടെടുക്കപ്പെട്ടിരിക്കുന്ന ഐഹിക ജീവിതം നാം അശേഷം നിനച്ചിരിക്കാത്ത സമയത്തു് തീൎച്ചയായി ഒരിക്കൽ അവസാനിക്കുമെന്നു് പുനഃസ്മരിച്ചു്, നാം ഇതഃപൎയ്യന്തം ചെയ്തുപോയ അധൎമ്മത്തെ ഓൎത്തു് അനുതപിച്ചു്, ശേഷിച്ചിരിക്കുന്ന കാലം മുഴുവനും ഈശോയെ കൃതജ്ഞതാപൂൎവ്വം സ്നേഹിച്ചു്, തന്റെ പ്രമാണങ്ങളെ എല്ലാം നിൎവ്വിഘ്നം ആദരിച്ചു് നന്മരണം പ്രാപിക്കുന്നതിനു് യഥാശക്തി നമുക്കു പരിശ്രമിക്കാം. അങ്ങനെ ചെയ്യാത്തപക്ഷം "ശപിക്കപ്പെട്ടവരെ, എന്നെ വിട്ടു് പിശാചിനും അവന്റെ ദൂതന്മാൎക്കും ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്കു പോകുവിൻ" എന്ന ഭയങ്കരമായ നിത്യനരകശിക്ഷാവിധിയുടെ അൎത്ഥം നിത്യം അനുഭവിച്ചുതന്നെ നാം അറിയും.

ഫാദർ ജെയിംസ് കാളാച്ചേരി,

പി. എച്ച്. ഡി; ഡി. ഡി.

# ദിവ്യോപദേശ ശകലങ്ങൾ.

(മത്തായി VII. ൧-൨., XVIII ൨൩-൩൫., ലൂക്കാ VI. ൩൭.)

ക്രിസ്തു– മകനേ! നീ ദയയുള്ളവനായിരിക്ക. ദയയുള്ളവർ ഭാഗ്യവാന്മാർ; എന്തുകൊണ്ടെന്നാൽ അവൎക്കു ദയ ലഭിക്കും.

നീ വിധിക്കപ്പെടാതെയിരിപ്പാൻവേണ്ടി അന്യരെ വിധിക്കരുതു്. എന്തുകൊണ്ടെന്നാൽ നീ വിധിക്കുന്ന വിധിയാൽ തന്നെ നീ വിധിക്കപ്പെടും. നീ അന്യരെ ശിക്ഷക്കു പാത്രവാന്മാരെന്നു വിധിക്കരുതു്. എന്തുകൊണ്ടെന്നാൽ നീയും ശിക്ഷക്കു പാത്രവാനെന്നു വിധിക്കപ്പെടുകയും ചെയ്യും. നീ പ്രവൎത്തിക്കുന്നതുപോലെ, ഈഷൽ ഭേദം കൂടാതെ പ്രവൎത്തിക്കുന്ന ഒരുവനെ നീ കുററം വിധിക്കുന്നു എങ്കിൽ ദൈവ വിധിയിൽ നിന്നു നീ എങ്ങനെ രക്ഷ പ്രാപിക്കും? ദൈവം നീതിമാനാകുന്നു എന്നു നീ അറിയുന്നില്ലയോ? നിന്റെ ഹൃദയം കരിങ്കൽപോലെ കടുപ്പമുള്ളതും നീ കോപിഷ്ഠനുമാണെങ്കിൽ, ദൈവം പകരം വീട്ടുന്ന ദിവസത്തിൽ നിനക്കു നാശം. എന്തുകൊണ്ടെന്നാൽ അവരവരുടെ പ്രവൎത്തിക്കനുയോജ്യമായി എല്ലാവരോടും ചെയ്യപ്പെടും. അതുകൊണ്ടു നിന്റെ സഹോദരനെ കുററം വിധിക്കുന്നതിനും, ദൂരെ തള്ളുന്നതിനും നീ മുതിരുന്നതെങ്ങിനെ?

ക്രിസ്ത്യാനി- ഗുരുവേ! ഞാൻ കാണുന്ന തെററുകളെ കുററം വിധിക്കാതിരിക്കുന്നതെങ്ങിനെ?

ക്രിസ്തു– ഹാ! മകനേ! നീ യാതൊരു തെററും ചെയ്യാത്തവനെങ്കിൽ മററുള്ളവരെ കുററപ്പെടുത്തുക. ആദ്യമായി നിന്റെ പാപങ്ങൾക്കു പരിഹാരം ചെയ്യുക. പിന്നീടു മററുള്ളവരുടെ കൃതഘ്നതക്കു് നിന്റെ സ്നേഹത്തിന്റെ ആധിക്യത്താൽ പരിഹാരം ചെയ്യുക. എന്നാൽ നീ വിധിക്കരുതു്. ഒരിക്കൽ എല്ലാ മനുഷ്യരും വിധികൎത്താവിന്റെ മുമ്പാകെ നില്ക്കേണ്ടതായും, അവനവന്റെ പ്രവൃത്തിക്കു കണക്കു കൊടുക്കേണ്ടതായും വരും. അതുകൊണ്ടു് അന്യന്മാരെ വിധിക്കരുതു്. നിന്നോടു ചെയ്യുന്ന തെററുകൾക്കു് ഞാൻ ചെയ്യതുപോലെ ചെയ്യു. അവയെ സന്തോഷസമേതം ക്ഷമിക്ക. നിന്നോടും ക്ഷമിക്കപ്പെടും. നീ അളക്കുന്ന അളവാൽ നിനക്കും അളക്കപ്പെടും. നീ ക്ഷമിക്കയില്ലെങ്കിൽ നിന്നോടും ക്ഷമിക്കപ്പെടുകയില്ല.

ക്രിസ്ത്യാനി– എന്നാൽ ഗുരുവേ, മററുള്ളവർ എന്നോടു വലിയ തെററു പ്രവൎത്തിച്ചാൽ ഞാൻ അവരോടു പകരം ചോദിക്കണ്ടയോ?

ക്രിസ്തു– ഇതാ! കേട്ടാലും. ഒരിക്കൽ ഒരു രാജാവു തന്റെ ഭൃത്യന്മാരുടെ കണക്കു കേൾക്കുന്നതിനു ആരംഭിച്ചു. അദ്ദേഹത്തിനു പതിനായിരം താലേന്തു കടപ്പെട്ടിരുന്ന ഒരുത്തൻ അദ്ദേഹത്തിന്റെ അടുക്കൽ കൊണ്ടുവരപ്പെട്ടു. എന്നാൽ കടം തീൎപ്പാൻ അവനു നിവൃത്തിയില്ലാതിരിക്കയാൽ തന്റെ യജമാനൻ അവനേയും, അവന്റെ ഭാൎയ്യയേയും, മക്കളേയും, അവനുണ്ടായിരുന്ന സകലത്തേയും വിററു കടം തീൎപ്പാൻ കല്പിച്ചു. അപ്പോൾ ആ ഭൃത്യൻ സാഷ്ടാംഗമായി വീണു് "എന്നോടു ക്ഷമിക്കണമെ. ഞാൻ സകലതും നിനക്കു വീട്ടിക്കൊള്ളാം" എന്നു പറഞ്ഞു അപേക്ഷിച്ചു. തൽക്ഷണം ആ ഭൃത്യന്റെ യജമാനൻ മനസ്സലിഞ്ഞു് അവനെ വിടുവിച്ചു കടം മുഴവൻ ഇളച്ചുകൊടുത്തു. അനന്തരം ആ ഭൃത്യൻ പുറപ്പെട്ടു് തന്റെ കൂട്ടുഭൃത്യന്മാരിൽ തനിക്കു നൂറു കാശു കടപ്പെട്ടിരുന്ന ഒരുത്തനെ കണ്ടു് 'നീ കടപ്പെട്ടതു വീട്ടുക'യെന്നു പറഞ്ഞു് അവന്റെ തൊണ്ടക്കു പിടികൂടി. അപ്പോൾ അവന്റെ കൂട്ടുഭൃത്യൻ

സാഷ്ടാംഗമായി വീണു് "എന്റെമേൽ ക്ഷമയായിരിക്കണം ഞാൻ സകലത്തും നിനക്കു വീട്ടിക്കൊള്ളാം" എന്നു പറഞ്ഞു് അവനോടു അപേക്ഷിച്ചു. എന്നാൽ അവൻ സമ്മതിക്കാതെ പോയി കടം വീട്ടുവോളം അവനെ കാരാഗൃഹത്തിൽ ആക്കി. ഈ സംഭവത്തെ കണ്ട മററു ഭൃത്യന്മാർ വളരെ ദുഃഖിക്കയും തങ്ങളുടെ യജമാനനെ അറിയിക്കയും ചെയ്തു. അപ്പോൾ അവന്റെ യജമാനൻ അവനെ വിളിച്ചു് അവനോടു ഇപ്രകാരം പറഞ്ഞു: "ദുഷ്ടഭൃത്യാ, നീ എന്നോടു അപേക്ഷിച്ചതുകൊണ്ടു് കടമെല്ലാം ഞാൻ നിനക്കു ഇളച്ചുതന്നു. എന്നാൽ ഞാൻ നിന്നോടു കരുണചെയ്തതുപോലെതന്നെ നീയും നിന്റെ കൂട്ടുഭൃത്യനോടു കരുണ ചെയ്യേണ്ടതല്ലായിരുന്നോ?" അനന്തരം അവന്റെ യജമാനൻ കോപിച്ചു കടമെല്ലാം വീട്ടുവോളം അവനെ ബാധകൎക്കു ഏല്പിച്ചു. നീ നിന്റെ സഹോദരനോടു ഹൃദയപൂൎവ്വം ക്ഷമിക്കയില്ലായെങ്കിൽ ഇപ്രകാരംതന്നെ സ്വൎഗ്ഗസ്ഥനായ നിന്റെ പിതാവും നിന്നോടു ചെയ്യും.

ചാക്കോ വള്ളവന്തറ.

## സ്പെയിനിലെ ഒരു കൎമ്മലകുസുമം.

**പൂ**ജ്യനായ ഉണ്ണി ഈശോയുടെ ഫ്റാൻസിസ്സ് എന്ന പേരിൽ കൎമ്മലീത്താ സഭയിലെ ഒരു തുണസഹോദരന്റെ നാമം വിശ്രുതമായിത്തുടങ്ങിയിരിക്കുന്നു. ഇദ്ദേഹം സ്പെയിനിൽ തൊലേദൊ മിസ്സത്തിലുൾപ്പെട്ട, പലേൻസിയോസ്സ് (Palencios) എന്നൊരു ചെറിയ ഗ്രാമത്തിൽ ൧൫൪൪-ൽ ജാതനായി. ഇദ്ദേഹത്തിന്റെ മാതാപിതാക്കന്മാരായിരുന്ന മാത്തേയോ പാസ്കലും (Mateo Pascal) മരിയാ സാൻകെസ്സും (Maria Sanchez) ഐഹികനന്മകളിൽ അതിദീനരായിരുന്നെങ്കിലും, സുകൃത സമ്പത്തിൽ ഒട്ടും കുറഞ്ഞവരല്ലായിരുന്നു. ആജ്ഞാനുസാരത്തിന്റെയും, ഭക്തിയുടെയും ഉത്തമദൃഷ്ടാന്തമായിരുന്നു ഇവരുടെ ഈ സന്താനം. നന്നാ ചെറുപ്പമായിരിക്കുമ്പോൾ തന്നെ തന്റെ പ്രിയ മാതാവു്, പരലോകപ്രാപ്തയായി. ശൈശവത്തിലെ തന്നെയുണ്ടായ ഈ മാതൃവിയോഗം തനിക്കു ദുസ്സഹമായി പരിണമിച്ചുവെന്നു പറയേണ്ടതില്ലല്ലോ എന്നാൽ സ്വപിതാവിന്റെ പുനൎവ്വിവാഹം നിമിത്തം ഫ്റാൻസിസ് സഹിക്കേണ്ടിവന്ന കഷ്ടതകൾ കേവലം അവൎണ്ണനീയങ്ങൾതന്നെ. പക്ഷെ ഈദൃശസംഭവങ്ങൾ നമ്മുടെ ബ്രദർ ഫ്റാൻസീസിന്റെ സുകൃതസുവൎണ്ണത്തിന്റെ മാററു് ലോകം ഗ്രഹിക്കുന്നതിനുവേണ്ടി, കരുണാസ്വരൂപനായ ദൈവം ഉൽഭൂതമാക്കിയ ഒരു അഗ്നിമന്തം മാത്രമേ ആയിരുന്നുള്ളു. ൨൪-ാമത്തെ വയസ്സിൽ നമ്മുടെ സഹോദരൻ സ്വഭവനം വെടിഞ്ഞു്, അൽക്കാലാ (Alcala) എന്നസ്ഥലത്തേക്കു് പോകുകയും, അവിടത്തെ ഒരുദേവാലയത്തിലെ കപ്യാർജോലിഭരമേൽക്കുകയും ചെയ്തു. ഇവിടെ ബ്രദർ ഫ്റാൻസിസ് സുകൃതികളുടെ ശാസ്ത്രവിത്ത സമ്പാദനത്തിൽ അതിശയനീയമായ അഭിവൃദ്ധി പ്രാപിച്ചുതുടങ്ങി. ഉണ്ണി ഈശോയോടുള്ള യഥാൎത്ഥഭക്തിയിലും, ആദിവ്യശിശുവിന്റെ നേരെ അപരിമിതമായ മനോവിശ്വാസത്തിലും, നിഷ്കാപട്യത്തിലും, ഇദ്ദേഹം പ്രായേണ ഏറ്റും പ്രസിദ്ധനായിത്തീൎന്നു. ദീൎഘസമയം പരമധ്യാനത്തിൽ വിനിയോഗിക്കുന്നതിനായി, നമ്മുടെ സഹോദരന്റെ ഉജ്ജ്വലത്തായ ദൈവസ്നേഹം അദ്ദേഹത്തെ ഉദ്യുക്തനാക്കി; എന്നാൽ നിൎദ്ധനന്മാരും, നിസ്സഹായന്മാരുമായ തന്റെ സോദരങ്ങളെ ശുശ്രൂഷിക്കുന്നതിനു മാത്രമേ, അദ്ദേഹം തന്റെ പരിശുദ്ധ തമമായ പ്രവൃത്തിയിൽ നിന്നു് വിമുക്തനായുള്ളു. ബ്രദർ ഫ്റാൻ

സിസ് എത്ര മനോവിശ്വാസത്തോടു കൂടെ ദിവ്യശിശുവിനോട് പെരുമാറിയോ, അതുപോലെതന്നെ, ഉണ്ണി ഈശോ തൻെറ പ്രിയ ദാസനോടും പ്രവൎത്തിക്കാതിരുന്നില്ല. അദ്ദേഹത്തിൻെറ ധൎമ്മപ്രവൎത്തനത്തിൽ പലപ്പോഴും അത്ഭുതവിധമായി പണം ദാനം ചെയ്തു് ദിവ്യശിശു അദ്ദേഹത്തെ സഹായിച്ചിട്ടുണ്ട്. കുറെക്കഴിഞ്ഞു് ഫ്റാൻസിസ്, അൽക്കലായിലുള്ള ഒരു ആതുരശാലയിൽ പോയി. ഉദ്ദേശം ൨ സംവത്സരങ്ങളോളം അവിടെ മാലാഖമാൎക്കടുത്ത ക്ഷമയോടും ഭക്തിയോടും കൂടെ അദ്ദേഹം രോഗികളെ ശുശ്രൂഷിച്ചുവന്നു. അപ്പോഴെക്കും, അദ്ദേഹത്തിൻെറ പരിശുദ്ധതയുടെ കീൎത്തി മാദ്രിദ് (Madrid) രാജധാനിവരെ എത്തുകയും, ഫിലിപ്പ് ദ്വിതീയൻെറ പ്രത്യേക പ്രശംസക്കും, മൈത്രിക്കും, നമ്മുടെ സഹോദരൻ പാത്രീഭൂതനാകയും ചെയ്തു.

ഇതിനിടയ്ക്കു് ഒരു സന്യാസസഭയെ ആശ്ലേഷിക്കണമെന്നുള്ള വിചാരം നമ്മുടെ കഥാനായകനിൽ കടന്നുകൂടുകയുണ്ടായി. ഒടുവിൽ കൎമ്മലീത്താസഭയിലേക്കാണ് താൻ വിളിക്കപ്പെട്ടിരിക്കുന്നതെന്നു് ഇദ്ദേഹത്തിനു് പൂൎണ്ണമായ ബോദ്ധ്യം വന്നു. തൽഫലമായി ഒരു തുണസഹോദരനായി വി. ത്രേസ്യായുടെ നവീകൃതസഭയിൽ ചേരുന്നതിനുറച്ചു് വേണ്ട ഒരുക്കങ്ങൾ ചെയ്തുവന്നു. ഫ്റാൻസീസിൻെറ ആഗ്രഹപൂൎത്തിയ്ക്കു് വലിയൊരു പ്രതിബന്ധമായിരുന്നു രാജാവിനു് ഇദ്ദേഹത്തിനു അനുമതി നൽകുന്നതിലുണ്ടായിരുന്ന വൈമനസ്യം. പക്ഷെ, രാജാധിരാജൻെറ നിശ്ചയത്തെ ആരാണ് നിരോധിക്കുക! ൧൫൭൯-ൽ നമ്മുടെ സുകൃതവാനായ ഫ്റാൻസിസ്, രാജാവിൻെറ അനുമതിയും മററും വാങ്ങി, മാദ്രിദിലെ കൎമ്മലീത്താആശ്രമത്തിൽ ചെന്നുചേരുകയും, അവിടെ വെച്ചു് തൻെറ വ്രതോച്ചാരണം കഴിക്കയും ചെയ്തു. തൻെറ സന്യാസജീവിതവും, ലോകത്തിലേതിനേപ്പോലെ തന്നെ അസാമാന്യതരമായിരുന്നുവെന്നെ ചുരുക്കിപ്പറയാനുള്ളു. "എൻെറ ശുശ്രൂഷയിൽ നീ ആഗ്രഹിക്കുന്നതെല്ലാം പ്രവൎത്തിച്ചുകൊൾക" എന്നു നമ്മുടെ ദിവ്യരക്ഷകൻെറ ഒരു പ്രത്യേക നിൎദ്ദേശത്താൽ ധൈൎയ്യം അവലംബിച്ചു്, തൻെറ മഹൽകൃത്യങ്ങൾ തുടൎന്നുകൊണ്ടുപോകുന്നതിനു് ബ്രദർ ഫ്റാൻസിസ് നിശ്ചയിച്ചു്, അശ്രാന്തപരിശ്രമം ചെയ്തുതുടങ്ങി. താദൃശകാൎയ്യനിൎവ്വഹണങ്ങൾക്കായി തൻെറ ശ്രേഷ്ഠന്മാരുടെ അനുമതിയും പ്രോത്സാഹനവും അദ്ദേഹത്തിനു് യഥാവിധി ലഭിച്ചു. ഒരു തുണസഹോദരനു് കേവലം ദുസ്സാധമെന്നു് തോന്നുന്ന പല മഹൽകൃത്യങ്ങളും അദ്ദേഹം ശിരസ്സാ വഹിച്ചു്, സവിജയം നടത്തി. ബ്രദർ ഫ്റാൻസിസിൻെറ ഉപവിയേപ്പോലെ പ്രത്യേകം ഗണനീയമായിരുന്നു അദ്ദേഹത്തിൽ പ്രശോഭിച്ചിരുന്ന വിനയാധിക്യവും.

സ്വകരങ്ങളാൽ അപ്പവും ഭക്ഷണസാധനങ്ങളും വൎദ്ധിപ്പിക്കുകയും, തൻെറ സ്വരമാത്രത്താൽ അതിഭയാനകങ്ങളായ കൊടുങ്കാററുകളെ പ്രശാന്തമാക്കുകയും, ഒരു വീക്ഷണംകൊണ്ടു് ഭാവിയേയും ഹൃദയരഹസ്യങ്ങളേയും ഗ്രഹിക്കുകയും, സ്വവസ്ത്രസ്പൎശനമാത്രയിൽ രോഗബാധിതരെ സൌഖ്യമാക്കുകയും ചെയ്ത ഈ മഹാ പുരുഷനെ, ഒരു വിശുദ്ധനെന്നു് ജനാവലി സാഘോഷം പ്രഖ്യാപനം ചെയ്തു. അത്ഭുതപ്രവൎത്തകനായ ബ്രദർ ഫ്റാൻസിസിനെ കാണുന്നതിനായി ജനങ്ങൾ കൂട്ടംകൂട്ടമായി അദ്ദേഹം നിവസിച്ചിരുന്ന ആശ്രമത്തിലേക്ക് തിക്കിത്തിരക്കിത്തുടങ്ങി. ഏവംവിധമായ ജനശ്രുതിയാൽ അദ്ദേഹത്തിൻെറ ശ്രേഷ്ഠന്മാർ ഭയന്നു് നമ്മുടെ സുകൃതവാനായ സഹോദരനെ മാദ്രിദിൽ നിന്നും വലേൻസിയായിലേക്കും, അവിടെ നിന്നും പസ്ത്രാനായിലേക്കും, വീണ്ടും അവിടെ നിന്നു്, കേവലം അജ്ഞാതമായിരുന്ന ഒരു വനവാസാശ്രമത്തിലേക്കും സ്ഥലം മാററുകയുണ്ടായി. പക്ഷെ, എല്ലായിടങ്ങളിലും അദ്ദേഹത്തിനു് ജനസാമാന്യത്തിൽ നിന്നും ലഭ്യമായ

കീർത്തി വർദ്ധമാനമായിക്കൊണ്ടിരുന്നതെയുള്ളു. ഇതിനിടയ്ക്കു്, പരിശുദ്ധപിതാവായ ക്ലെമൻറു അഷ്ടമൻ എന്ന മാർപ്പാപ്പാ, തന്നെയും, കത്തോലിക്കാസഭ മുഴുവനേയും, ബ്രദർ ഫ്രാൻസീസിന്റെ പ്രാർത്ഥനക്കായി സമർപ്പിച്ചു. അപ്പോഴെയ്ക്കും, ഔന്നത്യസ്ഥാനകാരികളായ മററുവൈദികമേലദ്ധ്യക്ഷന്മാരും, വിനീതനായ നമ്മുടെ തുണസഹോദരനെ ആരാഞ്ഞുതുടങ്ങി അവസാനമായി അദ്ദേഹം മാഡ്രിഡ പട്ടണത്തിലെ ആശ്രമത്തിലേക്കു് വിളിക്കപ്പെട്ടു. അവിടെ വെച്ചു് കാലവിളംബമെന്യേ തനിയ്ക്കു ഭവിക്കാനിരുന്ന മരണത്തെപ്പററി അദ്ദേഹത്തിനു് ദൈവപ്രകാശനം ലഭിച്ചു. അതനുസരിച്ചു്, മരണത്തിനു് യഥാവിധി ഇദ്ദേഹം ഒരുങ്ങിയിരുന്നു. കുറെ നാൾ രോഗബാധിതനായി കിടന്നതിനുശേഷം, താൻ പ്രവചിച്ച ദിവസത്തിൽതന്നെ, അതായതു്, ൲൬൱൪ ഡിസംബർ ൨൮-ാംനു കർത്താവിൽ സമാധാനനിദ്രപ്രാപിച്ചു. ഇദ്ദേഹത്തെ "ധന്യ"നെന്നു നാമകരണം ചെയ്യുന്നതിനുള്ള സംഗതി വിസ്താരവിഷയമായി റോമ്മയിൽ സ്വീകരിക്കുകയും, ൧൰ന്നാൽ ൰-ാം ക്ലെമെൻറു് മാർപ്പാപ്പാ ഇദ്ദേഹത്തിന്റെ സുകൃതങ്ങൾ വീരപരങ്ങളെന്നു് പ്രഖ്യാപനം ചെയ്കയുംചെയ്തു.

ബ്രദർ ഫ്രാൻസീസ് ടി. ഒ സി. ഡി.

---

## ൲൱൨ കുംഭത്തിലെ തിരുഹൃദയ പൊതുനിയോഗം.

### പലസ്തീനായിലെ തിരുസ്ഥലങ്ങൾ.

ലോകരക്ഷകന്റെ മനുഷ്യാവതാരരഹസ്യങ്ങൾ എല്ലാം നിറവേറിയ പലസ്തീനാ രാജ്യത്തെ തിരുസ്ഥലങ്ങൾ എന്നാണല്ലോ ക്രിസ്ത്യാനികൾ നാമകരണംചെയ്യുന്നതു്. പൂജ്യമായ ഈ നിക്ഷേപസ്ഥലങ്ങൾ മതവിരോധികളായ മഹമ്മദീയരുടെ കൈവശം അകപ്പെട്ടുകയും, പ്രബലന്മാരായ പല ക്രിസ്തീയ ചക്രവർത്തികളും രാജാക്കന്മാരും അതിന്റെ പുനരുദ്ധാരണത്തിനായി അനേകവർഷം ഘോരയുദ്ധം നടത്തിയിട്ടും ഉദ്ദേശനിവൃത്തിവരാതിരിക്കയും ചെയ്തിട്ടുള്ളതു സഭാചരിത്രത്തിൽ അത്യന്തം പ്രലാപകരമായ സംഭവങ്ങളാകുന്നു. ലോകമഹായുദ്ധത്തിനുശേഷം മാത്രമാണു ഈ സ്ഥിതികൾക്കു അല്പമൊരു വ്യത്യാസം വന്നുകാണ്മാനിടയായതു്. ഇംഗ്ലണ്ടിന്റെ മേൽനോട്ടത്തിൽ വയ്ക്കപ്പെട്ടതിനോടുക്രൂടെ പല പ്രതിബന്ധങ്ങളും നീങ്ങിയിട്ടുണ്ടു്. എങ്കിലും ഹൈക്കമ്മീഷണരായി നിയമിക്കപ്പെട്ട ഹേർബ്വർട്ടു് സാമുവേൽ എന്ന ദേഹം ഒരു യൂദനായിരുന്നതുകൊണ്ടും, യൂദന്മാർ തിരുസ്ഥലങ്ങളിൽ വീണ്ടും കുടിയേറിപ്പാർക്കുന്നതിനുള്ള ശ്രമങ്ങൾ ശക്തിപ്പെട്ടുവന്നതുനിമിത്തവും ക്രിസ്ത്യാനികളുടെ അവകാശങ്ങൾ വീണ്ടും ത്യാജ്യകോടിയിൽ തള്ളപ്പെടാനാണിടയായതു്. സർവ്വരാജ്യസഖ്യസമക്ഷം ക്രിസ്ത്യാനികളുടെ ആവലാതികൾ പലപ്പോഴും ചെന്നതിന്റെ ഫലമായി സംഗതികൾ ഇതിനകം വളരെവ്യത്യാസപ്പെട്ടിട്ടുണ്ടു്. കത്തോലിക്കരുടെ ശക്തി നാൾക്കുനാൾ അവിടെപ്രബലപ്പെട്ടുവരുന്നതായിക്കാണുന്നു. പരിശുദ്ധപിതാവു തിരുമനസ്സുകൊണ്ടു ഓർശ്ലേം പാത്രിയർക്കീസിന്റെ സഹായമെത്രാനായി ഇംഗ്ലീഷ് ജാതിക്കാരനായ ഗോഡ്റിക്ക് കീൻ എന്ന ദേഹത്തെ നിയമിച്ചിട്ടുള്ളതും, ഇംഗ്ലീഷ് കത്തോലിക്കരുടെ വക പല സ്ഥാപനങ്ങൾ ഊർജ്ജിതത്തിൽ അവിടെ ആരംഭിച്ചിട്ടുള്ളതും ശുഭസൂചകങ്ങളാകുന്നു. അമ്പതുനോമ്പു ആരംഭിക്കുന്നതിനോടേ ഇക്കാലങ്ങളിൽ മുൻവത്സരങ്ങളെ അപേക്ഷിച്ചു ക്രൂടുതൽ തീർത്ഥയാത്രാ സംഘങ്ങൾ അവിടെ എത്തിവരുന്നുണ്ടെന്നുള്ളതും അഭിലഷണീയംതന്നെ. ഇപ്രകാരം സത്യക്രിസ്ത്യാനികളുടെ ശക്തി തിരുസ്ഥലങ്ങളിൽ മേൽക്കുമേൽ പ്രബലപ്പെട്ടുവരുന്നതിനുവേണ്ടി ഈ മാസത്തിൽ തിരുഹൃദയഭക്തന്മാർ പ്രത്യേകിച്ചു പ്രാർത്ഥിക്കണം.

മീനമാസം—സന്മാർഗ്ഗജീവിതമാഹാത്മ്യം.

# വിശുദ്ധ വത്സരം.

## തീർത്ഥയാത്രാസംഘങ്ങൾ.

പാല്യവസ്ത്രധാരണാഘോഷത്തിന്റെ സ്മരണ ഇനിയും കേരളീയകത്തോലിക്കരുടെ സ്മൃതിപഥത്തിൽനിന്നു മാഞ്ഞുപോയിട്ടില്ലാത്ത ഈ അവസരത്തിൽ, നിത്യനഗരമായ ഇവിടെ വിശുദ്ധവത്സരം സംബന്ധിച്ചു നടക്കുന്ന അനവധി ചടങ്ങുകളെപ്പററി അല്പമായിട്ടെങ്കിലും വിവരിക്കുന്നതു മലങ്കരസഭയുടെ അത്ഭുതപൂർവ്വമായ ആഹ്ലാദത്തെ നിലനിറുത്തിക്കൊണ്ടുപോകുന്നതിനു പര്യാപ്തമാകുമെന്നു പ്രതീക്ഷിക്കുന്നു. വിശുദ്ധവത്സരവും മിഷ്യനറിപ്രദർശനവും സംബന്ധിച്ച പലേ വിവരങ്ങൾ മുമ്പു പല തവണകളിലായി ഞാൻ കുറിച്ചയച്ചിട്ടുള്ളതാണല്ലോ. കൃത്യദിവസം അടുത്തുവന്നതിനോടെയുള്ള ഈ ബ്രഹ്മാണ്ഡനഗരത്തിലെ ബഹളങ്ങൾ പറഞ്ഞറിയിപ്പാൻ അസാദ്ധ്യം തന്നെ. ഏതുസ്ഥലത്തു നോക്കിയാലും തീർത്ഥയാത്രാസംഘങ്ങളേ കാണ്മാനുള്ളു. ജർമ്മനി, ഫ്രാൻസ്, അമേരിക്കാ, അയർലണ്ടു് ആദിയായി പല സ്ഥലങ്ങളിൽനിന്നു നേരത്തെ പല സംഘങ്ങൾ എത്തിക്കഴിഞ്ഞു. പ്രസ്തുത രാജ്യങ്ങളിൽനിന്നെല്ലാം ഇടമുറിയാതെ തുടർച്ചയായി ഇനിയും വന്നുകൊണ്ടിരിക്കുന്നതാണെന്നും കാണുന്നു. വിദേശങ്ങളിൽനിന്നു വരുന്ന തീർത്ഥയാത്രക്കാരുടെ സൌകര്യത്തെ ഉദ്ദേശിച്ചു പരിശുദ്ധപിതാവു തിരുമനസ്സുകൊണ്ടു അവരെ മാംസവർജ്ജനത്തിൽനിന്നും ഉപവാസത്തിൽനിന്നും ഒഴിച്ചിരിക്കുന്നതായി ഒരു തിരുവെഴുത്തു പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. ഇങ്ങോട്ടുള്ള യാത്രയിലും ഇവിടെ താമസിക്കുന്നകാലത്തും തിരികെയുള്ള യാത്രയിലും ഈ അനുമതി ഉപയോഗപ്പെടുത്താവുന്നതാണു്. ഇററലിയിലെ തീവണ്ടികളിലെല്ലാം യാത്രക്കാർക്കു നൂററുക്കു മുപ്പതുവീതം കൂലികുറവു അനുവദിച്ചിട്ടുണ്ടു്. അമ്പതുപേരിൽ കുറയാതുള്ള സംഘങ്ങൾക്കു നാല്പതു ശതമാനം കൂലി കുറവുലഭിക്കുന്നതാണു്. മററുചില രാജ്യങ്ങളിലും ഇപ്രകാരമുള്ള നിരക്കുകുറവു അനുവദിച്ചിട്ടുള്ളതായി കേൾക്കുന്നു. മുൻകാലങ്ങളിലായിരുന്നെങ്കിൽ മിണ്ടാമാർഗ്ഗക്കാരിൽനിന്നുള്ള ഉപദ്രവം കുറേയൊക്കെ ഭയപ്പെടാനുണ്ടായിരുന്നു. മുസ്സോലിനിയുടെധീരഭരണത്തിൽ അതും ശങ്കിച്ചിട്ടാവശ്യമില്ലതന്നെ. സർവ്വരാജ്യസഖ്യം ഇതിനിടെ ഇവിടെ സമ്മേളിച്ചതും സമാധാന പരിപാലനത്തിനു പ്രത്യേകിച്ചു നിദാനമായിത്തീർന്നിട്ടുണ്ടു്. 12 പുണ്യാത്മാക്കളെ ധന്യന്മാരെന്നും ആറുപേരെ വിശുദ്ധരെന്നും നാമകരണം ചെയ്യുന്ന ആഘോഷച്ചടങ്ങും ഈ വിശുദ്ധവത്സരത്തിനിടയ്ക്കു നടക്കുന്നതാകയാൽ തീർത്ഥയാത്രക്കാരുടെ സംഖ്യ അത്ഭുതപൂർവ്വമായി വർദ്ധിക്കുമെന്നു പ്രതീക്ഷിക്കപ്പെട്ടിരിക്കുന്നു. അനേക ദണ്ഡവിമോചനങ്ങൾ പ്രാപിക്കാമെന്നുള്ളതിനുപുറമെ, നിരവധി വേദസാക്ഷികളുടെ രക്തത്താൽ നനയ്ക്കപ്പെട്ടിട്ടുള്ളതും അവരുടെ തിരുശരീരങ്ങളാൽ അദ്യാപി പരിപാവനമാക്കിച്ചെയ്യപ്പെടുന്നതുമായ ഈ പരിശുദ്ധനഗരത്തിൽ ഒന്നു വന്നുപോകുന്നതുതന്നെ വിശ്വാസസ്ഥിരതയ്ക്കു അത്യധികം പ്രയോജകീഭവിക്കുന്നതാണെന്നുള്ളതിൽ രണ്ടു പക്ഷമില്ല.

## ബൂളവായന.

വിശുദ്ധവത്സരത്തെ പ്രഖ്യാപനം ചെയ്യുന്നതായ മാർപ്പാപ്പായുടെ ബൂളവായന നടക്കുന്നതു സാധാരണ ആഗമനത്തിന്റെ നാലാം ഞായറാഴ്ചയാണു്. എന്നാൽ ഇത്തവണ നാലാം ഞായറാഴ്ച ഡിസംബർ 21-ാംനു- ആയിരുന്നതിനാൽ പിറവിത്തിരുനാളിനോടു അത്രത്തോളം സമീപിച്ചുപോയതുകൊണ്ടും പ്രദർശനോൽഘാടനം മുതലായ ആഘോഷങ്ങൾ അന്നു നിർവ്വഹിക്കപ്പെടേണ്ടതായുണ്ടായിരുന്നതിനാലും ഒരാഴ്ച മുമ്പുകൂട്ടിത്തന്നെ, സന്തോഷത്തിന്റെ ഞായറാഴ്ചയെന്നു പ്രായേണ അറിയപ്പെടുന്ന ആഗമനകാലത്തിന്റെ മൂന്നാം ഞാ

യറാഴ്ച്ചയായഡിസംബർ 14-ാംതീയതി- പ്രസ്തുത ചടങ്ങു നിർവ്വഹിക്കപ്പെടുകയാണുണ്ടായതു്. ഔദ്യോഗികങ്ങളായ ഈ ദ്ദശപ്പൈഹിക ലേഖനങ്ങൾക്ക ബൂളയെന്നാണ് (A Papal Bull) അഭിധാനം. മാർപ്പാപ്പായുടെ ഈയമുദ്ര പതിച്ചതായിരിക്കുന്നമെന്നുള്ളതാണ് ഈവിധ ആധാരങ്ങളുടെ ലക്ഷ്യം. പ്രസ്തുത ഈയമുദ്രയിൽനിന്നു തന്നെയാണു ഇതുകൾക്ക ഈ പേരു സിദ്ധിച്ചിട്ടുള്ളതും. പ്രസ്താവിത മുദ്രയാകട്ടെ ഒരുവശത്തു മാർപ്പാപ്പായുടെ നാമധേയത്തോടും മറുവശം പത്രോസ് പൌലോസ് ശ്ലീഹന്മാരുടെ ശിരസ്സുകളുടെ ഛായയോടും കൂടിയതായിരിക്കും. ബൂളകൾ വിദഗ്ദ്ധന്മാരായ എഴുത്തുകാരുടെ കയ്യക്ഷരത്തിൽ തുകലിന്മേലാണ് എഴുതപ്പെടുന്നതു്. ഡിസംബർ 14-ാംനു- ഞായറാഴ്ച്ച കാലത്തു വത്തിക്കാനിലെ വൈദികകർമ്മാദ്ധ്യക്ഷന്മാരുംഅനുചരന്മാരും പരിശുദ്ധപിതാവു തിരുമനസ്സിലെ സിംഹാസനമുറിയിലാഗതരായി. തിരുമനസ്സുകൊണ്ടു സിംഹാസനത്തിന്മേലുപവിഷ്ടനായശേഷം മൊൺസിഞ്ഞോർ മരിനുച്ചി അവർകൾ നിയമപ്രകാരം വിശുദ്ധവർഷപ്രഖ്യാപനത്തിൻെറ ബൂള ഒടുവിലത്തേപ്രാവശ്യം വായിക്കുന്നതിനു പരിശുദ്ധപിതാവിൻെറ അനുമതി അപേക്ഷിച്ചു. സന്തോഷഞായറാഴ്ച്ച ഈ കർമ്മം നിർവഹിക്കപ്പെടുന്നതിൽ തനിക്ക അതിയായ സന്തോഷമുണ്ടെന്നും മററുമുള്ള മറുപടിയോടുകൂടെ അനുജ്ഞ നൽകിയിട്ടു മാർപ്പാപ്പാക്കടുത്ത ആശീർവാദം നൽകിയശേഷം പരിശുദ്ധപിതാവു അവിടെനിന്നു വിരമിച്ചു. അനന്തരം ദേവാലയോദ്യോഗസ്ഥന്മാർ ആഘോഷപ്രദക്ഷിണമായി വിശുദ്ധ പത്രോസിൻെറ ദേവാലയ വാതില്ക്കൽച്ചെന്നു അവിടെസജ്ജീകൃതമായിരുന്ന രണ്ടു പ്രസംഗപീഠങ്ങളിൽ ഒന്നിൽനിന്നു ലാററിൻഭാഷയിലും മറേറതിൽനിന്നു ഇററാലിയൻഭാഷയിലും ബൂള വായിച്ചു. അതിൽ ജൂബിലിയേപ്പററി ചില പ്രാരംഭവിവരങ്ങൾ പ്രസ്താവിച്ചശേഷം രക്ഷാകരമായ ഈ അവസരത്തേ വിശ്വാസികൾ പാടുപോലെ ഉപയോഗപ്പെടുത്തണമെന്നു പരിശുദ്ധ പിതാവു ഉപദേശിക്കയും, ജൂബിലിസമയം നിർണ്ണയിച്ചു പ്രഖ്യാപനം ചെയ്കയും ചെയ്തുകൂടാതെ, അതു പ്രാപിക്കുന്നതിലേക്ക വേണ്ട നിബന്ധനകളേ വ്യവസ്ഥ ചെയ്കയും, തീർത്ഥയാത്രക്കാർ ഭക്തിസംവർദ്ധകമായ രീതിയിൽ ഈ ആഘോഷാവസരങ്ങൾ കഴിച്ചുകൂട്ടേണ്ടതിനേപ്പററി നിഷ്കർഷിക്കയും ചെയ്തിട്ടുണ്ടു്. ഇങ്ങനെ ഈ പ്രാരംഭചടങ്ങു അവസാനിപ്പിച്ചു.

## വിശുദ്ധ വാതൽ പരിശോധന.

അന്നുതന്നെ അഞ്ചുമണിക്ക മാർപ്പാപ്പാ തിരുമനസ്സിലെ മേജർഡോമോ, ദെസാംപർ പ്രധാന ക്രമോപദേഷ്ടാവിനോടും സ്വിസ്സ് പട്ടാളത്തോടും ദീപയഷ്ടികളോടുംകൂടെ പത്രോസിൻെറ ദേവാലയ വാതിൽക്കൽചെന്നു കവാടപരിശോധനനടത്തുകയുണ്ടായി. ക്രിസ്തുമസ്സിൻെറതലേദിവസം ആഘോഷമായി ഉൽഘാടനം ചെയ്യപ്പെടേണ്ട വാതൽ അപ്പോഴാണു സജ്ജീകരിച്ചതു്. വാതിലിൻെറ പുറമേയുള്ളമാർബിൾപ്പാളിനീക്കകയും കഴിഞ്ഞജൂബിലിയവസരത്തിൽ അതിനുള്ളിൽ നിക്ഷേപിക്കപ്പെട്ടിരുന്ന ഒരു തിരുപ്പാത്രം പുറത്തെടുത്തു തുറക്കകയും ചെയ്തു. പതിമ്മൂന്നാം ലെയോൻ മാർപ്പാപ്പാ തിരുമനസ്സിലെ 12 സ്വർണ്ണമെഡലുകളും, മുപ്പതു വെള്ളിമെഡലുകളും 60 ഓട്ടുമെഡലുകളും, കവാടോൽബന്ധംസംബന്ധിച്ച മുറകളെഴുതിയ ഒരു തുകൽക്കടലാസുമാണ് അതിലുണ്ടായിരുന്നതു്.

## പ്രോൽഘാടനമഹദ്ദിനം.

ക്രിസ്തുമസ്സിൻെറ തലേദിവസമായ ഡിസംബർ 24-ാംനു- ബുധനാഴ്ച്ച സൂര്യോദയമായി. ജനക്കൂട്ടം സംഖ്യാതീതമായി വർദ്ധിച്ചു. ടിക്കററുകൾ വച്ചായിരുന്നു വത്തിക്കാൻ മതിൽക്കെട്ടിലേക്ക പ്രവേശനം. നാല്പത്തയ്യായിരത്തോളം ടിക്കററുകൾ കൊടുത്തിട്ടുണ്ടെന്നാണറിയുന്നതു്. പതിനായിരത്തിൽ ഒട്ടും കുറവല്ലാത്ത ഒരു ജനക്കൂട്ടം പത്രോസിൻെറ ദേവാലയത്തിനകത്തുതന്നെ

സ്ഥലം പിടിച്ചുകഴിഞ്ഞിരിക്കുന്നു. ദേവാലയത്തിന്റെ മുൻവശത്തെ വാതലുകളെല്ലാം നേരത്തേ മുറപ്രകാരം ബന്ധിക്കപ്പെട്ടിരുന്നതിനാൽ സങ്കീർത്തിവഴിക്കുംമററുമാണു് ഇക്കണ്ട പുരുഷാരത്തെയെല്ലാം അകത്തേക്കു കടത്തിവിട്ടതെന്നു പറയുമ്പോൾത്തന്നെ അതു സംബന്ധിച്ചുള്ള ബഹളം ഊഹ്യമാണല്ലോ. പീയാസ്സായിലും പരിസരപ്രദേശങ്ങളിലും ഇററാല്യൻഗവമ്മെണ്ടിനാൽ നിയോഗിക്കപ്പെട്ടിരുന്ന ആയുധപാണികളായ പട്ടാളക്കാർ അണിനിരന്നിരുന്നതിനാൽ സർവ്വത്ര സമാധാനം പാലിക്കപ്പെട്ടു. പത്രോസിന്റെ ദേവാലയത്തിൽ പരിശുദ്ധപിതാവു ഉൽഘാടനകർമ്മം നടത്തുന്ന നേരത്തുതന്നെ, വി. പൌലോസിന്റെയും, ജോൺ ലാറ്ററാന്റെയും, മരിയ മയോരായുടെയും ബസീലിക്കാകളിൽ തദർഥം നിയുക്തരായിരുന്ന കർദ്ദിനാളന്മാർ അതേകർമ്മം തന്നെ നിർവ്വഹിക്കാനിരുന്നിട്ടും ഇവിടെ ഇത്രവലിയ തിക്കുംതിരക്കുമായിരുന്നെങ്കിൽ ഈ ജനവ്യൂഹം ഒരു സ്ഥലത്തു സമ്മേളിക്കയായിരുന്നെങ്കിലത്തെ കഥ വിചാരിച്ചാൽത്തന്നെ ഭയം തോന്നുന്നു.

### ദേവാലയ പ്രവേശനത്തുങ്കലേക്കുള്ള പ്രദക്ഷിണം.

കൃത്യം പതിനൊന്നുമണിക്കു പരിശുദ്ധപിതാവു തിരുമനസ്സുകൊണ്ടു തന്റെ അരമന അകമ്പടിക്കാരോടുകൂടെ വസ്ത്രധാരണശാലയിലെത്തി. അത്യുന്നത കർദ്ദിനാളന്മാരും മോൺസിഞ്ഞോറന്മാരും അവരവരുടെ സ്ഥാനക്രമത്തിനടുത്ത വസ്ത്രങ്ങൾ ധരിച്ചു അവിടെ തയ്യാറായിരുന്നു. തിരുമനസ്സുകൊണ്ടു അവസരോചിതമായ വിലയേറിയ സ്ഥാനാംബരങ്ങളും മുടിയും ധരിച്ചുകഴിഞ്ഞതിനോടെ വത്തിക്കാൻ ബസ്സീലിക്കാ പ്രവേശനത്തുങ്കലേക്കുള്ള പ്രദക്ഷിണമായി. കർദ്ദിനാളന്മാർ പാത്രിയർക്കീസന്മാർ മെത്രാപ്പോലീത്താമാർ മെത്രാന്മാർ മോൺസിഞ്ഞോറന്മാർ ആദിയായവർ യഥാക്രമം അണിനിരന്നുകഴിഞ്ഞു. പാലികയുടെ കീഴായി വീശുന്ന വെഞ്ചാമരകളുടെ മദ്ധ്യത്തിൽ പരിശുദ്ധപിതാവും പുറപ്പെട്ടു. സിസ്റ്റെൻ കപ്പേളയിൽ വിശുദ്ധ കർബാന പരസ്യമായി എഴുന്നള്ളിച്ചുവച്ചിരുന്നിടത്തു പ്രദക്ഷിണം ചെന്നെത്തിയപ്പോൾ അവിടെ സന്നിഹിതരായിരുന്ന കാനന്മാർ, സന്യാസസഭാദ്ധ്യക്ഷന്മാർ, സന്യാസികൾ, ഭക്തസഖ്യങ്ങൾ തുടങ്ങിയ ഒരു വലിയ സംഘം തിരുമേനിയെ സ്വീകരിച്ചു. ദിവ്യകാരുണ്യസന്നിധിയിൽ എത്തി മുറപ്രകാരം ധൂപമർപ്പിച്ചുകഴിഞ്ഞിട്ടു സ്നേഹപാരവശ്യം കവിഞ്ഞൊഴുകുന്ന മുഖഭാവത്തോടേ കുറേ നേരത്തേക്കു ആരാധന കഴിച്ചശേഷം "Veni Creator" എന്നാരംഭിക്കുന്ന പരിശുദ്ധാത്മാവിന്റെ കീർത്തനം അവിടന്നു പാടിത്തുടങ്ങി. വത്തിക്കാൻ ഗായകസംഘം അതിനെത്തുടർന്നു പാടുകയിൽ മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു ഇടതു കയ്യിൽ കത്തിച്ച ഒരു വിശേഷ മെഴുകുതിരി പിടിച്ചുകൊണ്ടു പ്രദക്ഷിണം പിന്തുടർന്നു. സാളദ്ദുക്കാലെ, സാളറെജീയാ മുതലായി വത്തിക്കാൻ അരമനയുടെ വിശാലമായ ഹാളുകളിൽ കൂടെ കടന്നു കോൺസ്റ്റന്റീൻ ചക്രവർത്തിയുടെ പ്രതിമയ്ക്കു സമീപിച്ചപ്പോൾ തിരുമേനിയെ വഹിച്ചുകൊണ്ടു പോകാനുള്ള സിംഹാസനത്തിൽ അവിടന്നു ആരോഹണം ചെയ്യുകയും ആ വിധത്തിൽ പ്രദക്ഷിണം ദേവാലയത്തിനു പുരോഭാഗത്തുള്ള മണ്ഡപദ്വാരത്തിങ്കലേക്കു അടുക്കുകയും ചെയ്തു. അവിടെ എത്തിയതിനോടേ തിരുമേനി പ്രസ്തുത സിംഹാസനത്തിൽ നിന്നു അവരോഹണം ചെയ്കയിൽ മഹോന്നത ദിവ്യശ്രീ കാർഡിനൽ മെറിഡെൽവാൽ, ബിസ്‌ലേത്തി, ലൌറേന്തി എന്ന കർദ്ദിനാളന്മാരോടും വത്തിക്കാൻ കാനൻ സമൂഹത്തോടും കൂടെ തിരുമേനിയെ യഥാവിധി സ്വീകരിച്ചു. സുപ്രസിദ്ധ സംഗീതശാസ്ത്രജ്ഞനായ പെറോസ്സിയുടെ കീഴുള്ള വത്തിക്കാൻ ഗായകസംഘം പരിശുദ്ധാത്മാവിന്റെ കീർത്തനം ഇനിയും പാടിക്കഴിഞ്ഞിട്ടില്ല.

ഇതിനിടയ്ക്കു ദേവാലയപ്രവേശനത്തുങ്കലുള്ള ഈ വിസ്തൃതമായ മണ്ഡപ

ത്തിലേക്കു നമ്മുടെ ദൃഷ്ടികളേ ഒന്നുതിരിക്കാം. നമ്മുടെ സാധാരണ ഒരു വലിയപള്ളിയുടെ സ്ഥലം അതിനകത്തു തന്നേയുണ്ട്. സജ്ജീകൃതമായ വിശുദ്ധവാതലിനു ഇടതുപാർശ്വത്തായി മാർപ്പാപ്പാ തിരുമനസ്സിലേക്കുള്ള കമനീയമായ സിംഹാസനവും കർദ്ദിനാളന്മാർ തുടങ്ങിയ തിരുസഭാ പ്രഭുക്കന്മാരുടെ പീഠങ്ങളും ശോഭിക്കുന്നു. അതിന്നെതിർവശത്തായി രാജകുടുംബാംഗങ്ങൾ, രാജപ്രതിനിധികൾ, പരിശുദ്ധപിതാവിന്റെ കുടുംബാംഗങ്ങൾ, പ്രഭുക്കൾ ആദിയായവരുടെ ആസനങ്ങൾ പരിലസിക്കുന്നു. ഒരു ഭാഗത്തു ഗായകസംഘത്തിനുള്ളഇരിപ്പിടങ്ങളും സാമഗ്രികളും സ്ഥിതിചെയ്യുന്നു. കീർത്തനം അവസാനിക്കുന്നതിനുമുമ്പുള്ള നേരത്തിനിടയ്ക്കു പരിശുദ്ധപിതാവു സിംഹാസനാരൂഢനായതിനോടെ ഓരോരുത്തൻ അവനവന്റെ സ്ഥാനങ്ങളിൽ സ്ഥിതിചെയ്യുന്നതായി കാണപ്പെട്ടു. മുപ്പതോളം കർദ്ദിനാളന്മാർ, അലക്സാൻഡ്റിയാ, ഓർശലം, അർമേനിയാ ആദിയായ പത്രിയർക്കീസന്മാർ, ഗ്രീസിലേ ഓൾഗാരാജ്ഞി, ബൽജിയത്തിലേ ജോസഫീനാരാജ്ഞി മുതലായ രാജകുടുംബാംഗങ്ങൾ, പരിശുദ്ധപിതാവു തിരുമനസ്സിലെ സഹോദരനായ ഫീർമോ റാത്തി, സഹോദരി കമീല്ലാറാത്തി, നിരവധി രാജപ്രതിനിധികൾ, പ്രഭുക്കൾ ആദിയായവരുടെ നാമങ്ങൾ ഇക്കൂട്ടത്തിൽ പ്രത്യേകം പ്രസ്താവാർഹമാണെന്നു ചുരുക്കത്തിൽ പറവാനേനിവൃത്തിയുള്ളു.

## സ്വർണ്ണച്ചുറ്റിക

കീർത്തനം അവസാനിക്കയിൽ പരിശുദ്ധപിതാവു സിംഹാസനത്തിൽനിന്നു താഴെ ഇറങ്ങുകയും, പെനിറ്റെൻസിയറി മായോർ ഒരു സ്വർണ്ണച്ചുറ്റിക തിരുമനസ്സിലേ കരങ്ങളിൽ സമർപ്പിക്കയും ചെയ്യുന്നു. ഈ തിരുകർമ്മത്തിലേക്കു ഉപയോഗിക്കുന്നതിനായി ലോകത്തിലെ സകലമെത്രാന്മാരുടെയും വകയായുള്ള ഒരു ദാനമാണ് പ്രസ്തുത ചുറ്റിക. ഏകദേശം ഒരടിനീളവും എട്ടിഞ്ചു വീതിയും വരുന്ന ഈ ചുറ്റിക ശുദ്ധ സ്വർണ്ണംകൊണ്ടുള്ളതും ദന്തനിർമ്മിതമായ അതിന്റെ പിടി വിലയേറിയ അനവധി രത്നങ്ങൾ പതിച്ചിട്ടുള്ളതുമാകുന്നു. പരിശുദ്ധപിതാവു പതിനൊന്നാംപീയൂസ് മാർപ്പാപ്പാ തിരുമനസ്സിലേ കുടുംബമുദ്രയും ഒലിവുവൃക്ഷശാഖകളും അതിന്മേൽ മനോഹരമായികൊത്തപ്പെട്ടിരിക്കുന്നു. ആനക്കൊമ്പും വെള്ളിയുംകൊണ്ടുള്ള ഒരു പെട്ടിയിലാണ് അതു സൂക്ഷിക്കപ്പെട്ടിരിക്കുന്നത്.

## വിശുദ്ധ വാതിൽതുറക്കുന്നു.

സുവർണ്ണച്ചുറ്റിക കയ്യിലേന്തി കർദ്ദിനാളന്മാരുടെ അകമ്പടിയോടുകൂടെ പരിശുദ്ധപിതാവു അടയ്ക്കപ്പെട്ടിരിക്കുന്ന വിശുദ്ധവാതുക്കൽ ചെന്നു ചുറ്റികകൊണ്ടു വാതലിന്മേൽ അടിച്ചുകൊണ്ടു “നീതിയുടെ വാതിലുകളേ എനിക്കു തുറക്കുക” എന്ന സങ്കീർത്തനവാക്യത്തെ അരുളിച്ചെയ്കയിൽ അത്യാഹ്ളാദസ്വരത്തിൽ ഗായകസംഘം “അതുകൾവഴി പ്രവേശിച്ചു ഞാൻ കർത്താവിനെ സ്തുതിക്കും” എന്ന തിരുവാക്യം ഉത്തരിച്ചു പാടുന്നു. “കർത്താവേ! അങ്ങേ ഭവനത്തിൽ ഞാൻ പ്രവേശിക്കും” എന്നു ചൊല്ലിക്കൊണ്ടു മാർപ്പാപ്പാ രണ്ടാം പ്രാവശ്യവും മുട്ടുന്നു. “അങ്ങേ വിശുദ്ധ ദേവാലയത്തിൽ ഭയത്തോടെ നിന്നെ ഞാൻ ആരാധിക്കും” എന്നു പാട്ടുകാർ ഉത്തരിച്ചു. “വാതിലുകൾ എനിക്കു തുറക്കുവിൻ, എന്തുകൊണ്ടെന്നാൽ ദൈവം നമ്മോടുകൂടെ ഉണ്ടായിരിക്കുന്നു” എന്നു ഉച്ചസ്വരത്തിൽ പാടിക്കൊണ്ടു ശക്തിയായി മൂന്നാംപ്രാവശ്യം വാതലിന്മേൽ അടിക്കയിൽ തൽക്ഷണം, താഴെ വീഴത്തക്കവണ്ണം ക്രമീകരിച്ചടച്ചുകെട്ടിയിരുന്ന വാതിൽ മുഴുവൻ നിലം പതിക്കയും, വിശുദ്ധവാതിൽ ഇപ്രകാരം തുറക്കപ്പെടുകയും, പാട്ടുകാർ “അങ്ങുന്നു ഇസ്രായേലിന്നു ശക്തിയേ പ്രദാനംചെയ്യു” എന്നു പ്രതിഗാനം ചെയ്യുകയും ഒരേനിമിഷത്തിൽ കഴിഞ്ഞു. പത്രോസിന്റെ ദേവാലയത്തിലെ മണികൾ തൽക്ഷണം ധ്വനിച്ചുതുടങ്ങി. അതേ

ത്തുടൻ റോമായിലുള്ള സമസ്തദേവാലയങ്ങളിലേയും മണികൾ കൂട്ടമായിഅടിച്ച് വിശുദ്ധവത്സരത്തിൻെറ പ്രോൽഘാടനത്തെ എല്ലാവർക്കും അറിയിച്ചു. എല്ലാവരും കുറേനേരത്തേക്കു നിശ്ശബ്ദരായിരുന്നശേഷം "ലോകമൊക്കയും കർത്താവിൽ ആനന്ദിക്കട്ടെ" എന്നുള്ള കീർത്തനം ദേവാലയത്തിലും ഗായകസംഘത്തിലും സർവത്ര മുഴങ്ങി.

### ദേവാലയപ്രവേശം,

പരിശുദ്ധപിതാവു വീണ്ടും സിംഹാസനത്തിൽ ആരോഹണം ചെയ്തു. നിലത്തുപതിച്ച ഇഷ്ടികകൾ മുതലായവ അതിലേക്കു നിയുക്തരായിരുന്ന ഭൃത്യസഖ്യക്കാർ ഉടനടി മാററി സ്ഥലം വെടിപ്പാക്കുകയും വിശുദ്ധ ജലം തളിച്ച ദ്വാരപ്രദേശങ്ങളെല്ലാം ശുദ്ധമാക്കുകയും ചെയ്തു. അനന്തരം വിലയേറിയ ഒരു പരവതാനി വാതുക്കൽ വിരിച്ചു. ഇടതുകയ്യിൽ കത്തിച്ച തിരിയോടും, വലതുകയ്യിൽ നെടിയസ്ലീവായോടുംകൂടെ പരിശുദ്ധപിതാവു സിംഹാസനത്തിങ്കൽനിന്നു ഇറങ്ങി വാതുക്കൽ മുട്ടുകുത്തി Te Deum എന്ന സ്തോത്രഗീതം പാടിക്കൊണ്ടു ഒന്നാമനായി ദേവാലയത്തിലേക്കു പ്രവേശിച്ചു. പാട്ടുകാരും ജനക്കൂട്ടവും ഏകോപിച്ചു തുടൻ പാടിക്കൊണ്ടിരിക്കയിൽ വിശുദ്ധ വാതിൽപ്പടിയിന്മേൽ മുത്തിക്കൊണ്ടു് യഥാസ്ഥാനം ഓരോരുത്തർ ദേവാലയത്തിൽ പ്രവേശിക്കയും പ്രദക്ഷിണമായി എല്ലാവരും വിശുദ്ധ കുർബാനയുടെ അൾത്താരയിങ്കൽ എത്തുകയും ചെയ്തു.

### കവാടപാലകന്മാർക്കുപദേശം.

അവിടെ എത്തിയശേഷം പരിശുദ്ധ പിതാവു വീണ്ടും സിംഹാസനസ്ഥനായി. കർദ്ദിനാളന്മാർ ആദിയായവർ യഥാക്രമം നിജാസനങ്ങളെ പ്രാപിച്ചു. വിശുദ്ധ വത്സരവേളയിൽ തിരുവാതിൽ കാക്കുന്നതിന് മുറപ്രകാരം ചുമതലക്കാരായ ഭക്തസഖ്യക്കാരെ തിരുമനസ്സിലെ മുമ്പാകെ ആനയിക്കയും അവരുടെ ജോലിയുടെ ഗൌരവത്തേയും തൽസംബന്ധമായ ചുമതലകളേയുംപററി തിരുമനസ്സുകൊണ്ടു ഭക്തിജനകമായ ഒരുപദേശം അവരോടു ചെയ്യുകയുമുണ്ടായി.

### മാർപ്പാപ്പായുടെ ആശീർവ്വാദം.

അനന്തരം വിശുദ്ധകുർബാന പരസ്യമായി എഴുന്നള്ളിച്ചു സ്ഥാപിച്ചിരുന്ന വി. പെത്രോനില്ലായുടെ പീഠത്തിങ്കലേക്കു പ്രദക്ഷിണം പുറപ്പെടുകയും അവിടെ കുറേനേരത്തേക്കു ആരാധന നടത്തുകയും ചെയ്തു. പിന്നീടു കുരിശുഭാഷയിലുള്ള പത്രോസിൻെറ ദേവാലയമദ്ധ്യത്തിൽ വിശു. പത്രോസിൻെറ കവറുങ്കലുള്ള ബലിപീഠത്തിങ്കൽ വന്നുക്രമാനുസൃതമായിമാർപ്പാപ്പായുടെ ആശീർവ്വാദം നൽകിയശേഷം വാഹകസിംഹാസനത്തിൽതന്നേ, വന്ന വിധത്തിലുള്ള ചടങ്ങുകളോടും അകമ്പടിയോടുംകൂടെ പരിശുദ്ധപിതാവു അരമനയിലേക്കു തിരികെ എഴുന്നള്ളുകയുംചെയ്തു.

### മററുദേവാലയങ്ങളിൽ

വത്തിക്കാൻ ബസ്സീലിക്കായിൽ വിശുദ്ധവത്സരത്തിൻെറ പ്രോൽഘാടനകർമ്മം നടന്നനേരത്തുതന്നേ ഇവിടെയുള്ള മററു മൂന്നു ബസ്സീലിക്കാകളിലും പ്രസ്തുത കർമ്മം നിർവഹിക്കപ്പെട്ടതായി മുകളിൽ പ്രസ്താവിച്ചിട്ടുണ്ടല്ലൊ. വി. പൌലോസിൻെറ ബസീലിക്കായിൽ കാർഡിനൽ ദെലായി തിരുമനസ്സുകൊണ്ടും, ജോൺ ലത്തെരാൻ ബസ്സീലിക്കായിൽ കാർഡിനൽ പൊംപീലി തിരുമനസ്സുകൊണ്ടും, മരിയമയോരാ ബസ്സീലിക്കായിൽ കാർഡിനൽ വിഞ്ചേൻസോ വനുത്തെല്ലി തിരുമനസ്സുകൊണ്ടുമാണു പരിശുദ്ധ പിതാവിനാൽ ഇതിലേക്കുപ്രത്യേകിച്ചു നിയോഗിക്കപ്പെട്ടിരുന്നതെന്നു മാത്രം ചുരുക്കത്തിൽ പ്രസ്താവിച്ചവസാനിപ്പിക്കുന്നു. ഇങ്ങനെ ചിരകാലമായി പ്രതീക്ഷിക്കപ്പെട്ടുവന്ന വിശുദ്ധവത്സരത്തിൻെറ പ്രോൽഘാടനകർമ്മം അനിർവചനീയമായ ആഹ്ലാദസമേതം നിർവഹിക്കപ്പെട്ടു.

Jubilate Deo omnis terra.

# മനോഗുണവിവരങ്ങൾ.

ചുരുക്കമായി ഈവിധ വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനു ഒരു രൂപാ മുമ്പേർ അടച്ചിരിക്കണം.

മാതാവിന്റെയും ത്രേസ്യാപുണ്യവതിയുടേയും മാർ അന്തോനീസിന്റേയും പ്രത്യേക സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചു കിട്ടിയതിനും കിട്ടുന്നതിനുമായി നേർച്ചപ്രകാരം പ്രസിദ്ധപ്പെടുത്തിക്കൊള്ളുന്നു.

പി. എൽ. ജെ. മാന്നാനം.

അമലോത്ഭവ മാതാവിന്റെ അളവററ മനോഗുണത്താൽ എനിക്കു ജയിലിൽ നിന്നു മോചനം കിട്ടിയതിനു ഉപകാരസ്മരണ.

സി. എ. എസ്. അറത്തുങ്കൽ.

കുസുമവായനക്കാരിൽ ചിലക്കും മററു നമ്മുടെ ചില നാട്ടുകാൎക്കും കഴിഞ്ഞ ക്രിസ്തുമസ്സിനു ഞാൻ ക്രിസ്തുമസ്സ് കാർഡ് അയച്ചതിൽ ആരും ഒരു മറുപടിയും അയക്കാഞ്ഞതിനു കുസുമം വഴി അവൎക്കുപകാരസ്മരണ.

സി. പി. ഗോമസ്, സിലോൺ.

ആനിക്കാട്ടു വ്യാകുലമാതാവിന്റെ സഹായത്താൽ എന്റെ ഭാൎയ്യയുടെ പ്രസവം ശുഭമായതിനും എന്റെ കുട്ടിയുടെ സുഖക്കേടു നീങ്ങിയതിനും ഉപകാരസ്മരണ

പി. ഏ. എ. ആനിക്കാട്ടു.

ട്രെയിനിങ്ങു പരീക്ഷയിൽ പാസ്സായാൽ വിവരം കുസുമത്തിൽ പ്രസിദ്ധപ്പെടുത്തിക്കൊള്ളാമെന്നുള്ള നേർച്ച നിറവേററിക്കൊള്ളുന്നു.

ഒരു വിദ്യാൎത്ഥിനി, കൈപ്പുഴ.

തിരുഹൃദയത്തിന്റെ പ്രത്യേകാനുഗ്രഹത്താൽ എന്റെ ക്ഷയരോഗം നീങ്ങിക്കിട്ടിയതിനു ഉപകാരസ്മരണ. എസ്. ജെ. ചേൎത്തല.

എനിക്കു പിടിപെട്ട അപായകരമായ വിഷൂചികാദീനം തിരുഹൃദയകാരുണ്യത്താൽ ഭേദപ്പെട്ടതിനു ഹൃദയപൂൎവ്വം നന്ദിപറഞ്ഞുകൊള്ളുന്നു. എ. എം. നെയ്യശ്ശേരി.

എനിക്കു പിടിപെട്ട അപകടകരമായ ഒരു നീരു വി. അന്തോനീസിന്റെ സഹായത്താൽ പൂൎണ്ണസുഖം പ്രാപിച്ചതിന്റെ കൃതജ്ഞതാപ്രകാശനം.

പി. ജെ. എം. മാന്നാനം.

ഒരു ചാപ്പലിനു സക്കാർ അനുവാദം കിട്ടാനുണ്ടായ തടസ്സം നീങ്ങിയതിന്റെ ഉപകാരസ്മരണ. എ. എസ്. ചെല്ലാനം.

ഞാൻ വഴി തെററിപ്പോയതിൽ നിന്ന് എന്നെ കാത്തുരക്ഷിച്ചതിനും, എനിക്കു ഒരു ജോലി കിട്ടുന്നതിനു സഹായിച്ചതിനും, തിരുഹൃദയത്തിനും, മാതാവിനും, അന്തോനീസു പുണ്യവാളനും സ്തോത്രം ചെയ്യുന്നു.

സി. പി. ജി. സിലോൺ.

എന്റെ മകന്റെ സുഖക്കേടു കോഴിത്തോട്ടത്തിൽ വ്യാകുലമാതാവിന്റെ സഹായത്താൽ സുഖപ്പെട്ടതിനു ഉപകാരസ്മരണ.

എം. എം. എഫ്. കന്നൂർ.

ഭാഗ്യവതിയായ കൊച്ചുത്രേസ്യായുടെ മദ്ധ്യസ്ഥതയാൽ ലഭിച്ച രണ്ടു പ്രത്യേക മനോഗുണങ്ങൾക്കു ഉപകാരസ്മരണ ചെയ്യുന്നു.

സി. പി. പത്മനാഭപുരം.

തിരുക്കുടുംബത്തിന്റെയും പഴയൂരു വി. അന്തോനീസിന്റെയും അനുഗ്രഹത്താൽ ഒരു പ്രത്യേക കാൎയ്യം സാധിച്ചുകിട്ടിയതിനു ഉപകാരസ്മരണ. ടി ടി. ജെ. ആളൂർ.

# ചരമവാൎത്തകൾ.

കൎത്താവിൽ ഭാഗ്യമരണം പ്രാപിച്ച താഴെപ്പറയുന്ന ആളുകൾക്കുവേണ്ടി കുസുമവായനക്കാർ പ്രാൎത്ഥിപ്പാറാകണം.

മററക്കരപള്ളി ഇടവക കൊച്ചുമഠത്തിൽ യാക്കോ യൌസേപ്പു അവർകൾ ഡിസംബർ ൧൩-ാംനു. ൩ വയസ്സു.

ആലപ്പുഴ മാർസ്ലീവാപ്പള്ളി ഇടവക മലയിൽ ശ്രീമതി മറിയാമ്മ ഡിസംബർ ൧൯-ാംനു. ൭ വയസ്സു.

നെയ്യശ്ശേരി ഇടവക പടിഞ്ഞാറെക്കുററു പൈലി ഡിസംബർ ൨൬-ാംനു. ൭ വയസ്സു.

കാഞ്ഞൂർപള്ളി ഇടവക പയ്യപ്പള്ളി ബ. കുൎയ്യാക്കോസച്ചന്റെ പിതാവു യൌസേപ്പു ഡിസംബർ ൨൭-ാംനു. ൯ വയസ്സു.

കുമ്പളം സ്കൂൾ ഹെഡ്മാസ്റ്റർ മിസ്റ്റർ പീററർ ഫറണാണ്ടസ് ഡിസംബർ ൨൯-ാംനു. ൨൨ വയസ്സു.

കോട്ടയം ബിഷപ്പ്സ് സെക്രട്ടറി റവ. ഫാദർ തോമസ് മുകളേൽ അവർകളുടെ മാതാവു ഡിസംബർ ൩൦-ാംനു ൬൨ വയസ്സു.

വരാപ്പുഴ ഇടവക വെളിയിൽ ശൌരി പേതുവിന്റെ ഭാൎയ്യ ശ്രീമതി മറിയക്കുട്ടി ഡിസംബർ ൩൧-ാംനു. ൧൨ വയസ്സു.

# പഞ്ചാംഗം.

[illegible]

## ൧൯൨൫ ഫെബ്രുവരി — ൧൧൦൦ മകരം — കുംഭം.

| | | | | |
|---|---|---|---|---|
| 1 | 19 | ഞാ | ✠ ദെനഹാ ൪ ാം ന. ക. ആ. ൭൫ ൭ ൨ | പ. |
| | | | ☞ നാളെ കടം. മൂന്നു നോമ്പിൻെറ ഇ. റി. | |
| 2 | 20 | തി | ✠ ക. മാ. ശുദ്ധീകരണം ന. ക. പെ. ഇ. വി. | വെ. |
| | | | കുടമാളൂർ, പാലാ, എലഞ്ഞി, നരിവേലി, അമ്പഴക്കാട്ട്, കടപ്ലാമററം, | |
| | | | മുട്ടാർ, എടത്വാ, ഏൽതുരുത്തു കൊവേന്ത, വല്ലകം, ചങ്ങനാശേരി. | |
| 3 | 21 | ചൊ | † അ. വേ. പ്ലാസിയോസു ന. ആ. ക. പെ. (മൂന്നുനോമ്പു) | ചു. |
| | | | മൂന്നുനോമ്പ് കുറവിലങ്ങാട്ട്. | |
| 4 | 22 | ബു | † അ. മൗ. അന്ത്ര. കൊർസീനി. ന. ആ. ക. പെ. (മൂന്നുനോമ്പു) | വെ. |
| | | | കട്ടുത്തുരുത്തി വലിയപള്ളി. | |
| 5 | 23 | വ്യാ | ക. വേ. അഗത്താ. ന. ആ. ക. പെ. | ചു. |
| 6 | 24 | വെ | ക. ദൊറോത്താ ന. ആ. ക. പെ. | ചു. |
| 7 | 25 | ശ | ആബാ. റൊമുആൽദ്. ന. ആ. ക. പെ. | വെ. |
| 8 ☉ | 26 | ഞാ | ✠ [illegible] ൧൦-ാം ന. ക. ആ. [illegible] | റോ. |
| 9 | 27 | തി | ക. വേ. അപ്പൊളോന്യ. ന. ആ. ക. പെ. | ചു. |
| 10 | 28 | ചൊ | † ന. ക. പ്രാർത്ഥന. ന. ആ. ക. പെ. ✳ [illegible] (✳ [illegible]) | ചു. |
| 11 | 29 | ബു | † ക. മാ. പ്രത്യക്ഷത. ന. ആ. ക. പെ. | വെ. |
| | | | വി. അന്തോനീസ് പാദുവാ ചെങ്ങളം, കാഞ്ഞിരക്കോട്ടു. | |
| 12 | 1 | വ്യാ | † പാ. മൌ. ദ്വ്യേനി. ന. ആ. ക. പെ. | വെ. |
| 13 | 2 | വെ | പത്രോസു ശ്ലീ. റോമാസിംഹാ ന. ആ. ക. പെ. ജനു. ൧൮. | വെ. |
| 14 | 3 | ശ | പട്ട. വേ. വലെന്തീനോസ് ന. ആ. ക. പെ. | ചു. |
| 15 | 4 | ഞാ | ✠ [illegible] ൧൧-ാം ന. ക. ആ. [illegible] | റോ. |
| 16 | 5 | തി | † വേ. യോഹന്നാൻ ബ്രിത്തോ. ന. ആ. ക. പെ. | ചു. |
| 17 | 6 | ചൊ | † ന. ക. കഷ്ടാനുഭവം ന. ആ. ക. പെ. ✳ [illegible] (✳ [illegible]) | ചു. |
| 18 | 7 | ബു | അ. വേ. ശെമഓൻ. ന. ആ. ക. പെ. | ചു. |
| | | | വി. ശെമഓൻ അപ്പസ്തോലാ ആരക്കുഴ. | |
| 19 | 8 | വ്യാ | † രാജ. വേ. കനൂത്തൊ ന. ആ. ക. പെ. ജനു. ൧൯. | ചു. |
| 20 | 9 | വെ | † മൗ. റൈമുന്തോസ് ന. ആ. ക. പെ. ജനു. ൨൦. | വെ. |
| 21 | 10 | ശ | ക. വേ. എമത്തിയാനാ ന. ആ. ക. പെ. ജനു. ൨൩. | ചു. |
| 22 | 11 | ഞാ | ✠ [illegible] ൧൨-ാം ന. ക. ആ. [illegible] | റോ. |
| | | | അമ്പതുനോമ്പു തുടക്കം. | |
| 23 ● | 12 | തി | † അപ്പ. മൗ. മ. പത്രോസു ദമി. ന. ആ. ക. പെ. | വെ. |
| 24 | 13 | ചൊ | (✠) ശ്ലീ. മത്യാ ന. ക. പെ. | ചു. |
| 25 | 14 | ബു | [illegible] വിഭൂതി ന. ക. ആ. | റോ. |
| 26 | 15 | വ്യാ | ശ്ലീ. പൗലോ. മാനസാ. ന. ആ. ക. പെ. ജനു. ൨൫. | വെ. |
| 27 | 16 | വെ | † ന. ക. മുൾമുടി ന. ആ. ക. പെ. ✳ [illegible] (✳ [illegible]) ഒ. നേ. | ചു. |
| 28 | 17 | ശ | അ. വേ. അഗ്നാത്തീസ് ന. ആ. ക. പെ. ഈ. ൧. | ചു. |

Printed and Published for the Proprietor by P K. Joseph
at St Joseph's Press, Mannanam 1925.

പുതിയ വരവ്, വില വളരെക്കുറവ്.

# പി. പാപ്പിക്കമ്പെനി, മാന്നാനം.

| ചൈനാപ്പട്ടു നീളം വളയം | | | Rs. | As. | P. |
|---|---|---|---|---|---|
| ൧-ാം ചരട്ടു ൧വ്വ നീളം വളയം | 1ക്ക | | 0 | 13 | 0 |
| ൨-ാം ,, പിരിച്ചതു | ൨ | ,, | 0 | 12 | 0 |
| ൩-ാം ,, | ൨ | ,, | 0 | 9 | 0 |
| ൪-ാം ,, | ൧ | ,, | 0 | 4 | 0 |
| ൧-ാം കമ്പി | ൧ | ,, | 0 | 2 | 0 |
| ൨-ാം ,, | ൧ | ,, | 0 | 3 | 0 |
| ൩-ാം ,, | ൧ | ,, | 0 | 4 | 0 |
| ൪-ാം ,, | ൧ | ,, | 0 | 4 | 6 |
| ആക്കമുടി വളയം | ൧ | ,, | 0 | 10 | 0 |
| അപ്ലൂസ് ൧-ാംതരം | ൧ | ,, | 0 | 6 | 0 |
| ടി. ൨-ാം തരം | ൧ | ,, | 0 | 4 | 6 |
| ടി. ൩-ാം തരം | ൧ | ,, | 0 | 2 | 6 |
| പെന്തി. (Bridge) | ൧ | ,, | 0 | 2 | 6 |
| ആണി. (Screw) | ൧ | ,, | 0 | 2 | 6 |
| പരന്തുവാൽ | ൧ | ,, | 0 | 10 | 0 |

## അലൂമിനം കാശുരൂപങ്ങൾ

| | | | | | |
|---|---|---|---|---|---|
| No. ൧. (മുട്ടഭാഷ) | ഡസൻ 1ക്ക | | 0 | 1 | 2 |
| നമ്പ്ര 1 സെൻറു ജോസഫ് | ,, | ,, | 0 | 1 | 9 |
| 1251 ഇത്താല്യൻ കാശു. | ,, | ,, | 0 | 3 | 6 |
| 50 വി. കുർബാന. | ,, | ,, | 0 | 12 | 0 |
| 53 തിഹൃദയം | ,, | ,, | 0 | 12 | 0 |
| 56 ടി. | ,, | ,, | 0 | 13 | 6 |
| 131 തിരുഹൃദയം. | ,, | ,, | 0 | 13 | 6 |
| 6434 ,, | ,, | ,, | 0 | 12 | 0 |
| 8 സൊഡാലിററി. | ,, | ,, | 1 | 0 | 0 |

## അലൂ. വെന്തിഞ്ഞാ: കാശുരൂപങ്ങൾ

| | | | | |
|---|---|---|---|---|
| 298 മുട്ടഭാഷ. ഡസൻ 1ക്ക | ,, | 0 | 4 | 6 |
| 234 കക്കടവൃത്തം. | ,, | 0 | 4 | 6 |
| 331 നീണ്ടഭാഷ | ,, | 0 | 5 | 0 |
| 337 വൃത്തം. | ,, | 0 | 5 | 0 |
| 338 വൃത്തം. | ,, | 0 | 8 | 0 |
| 7030 ചതിര എരട്ടത്തട്ടു ചെറുത് | | 0 | 6 | 6 |
| 325 കക്കടവൃത്തം. | ,, | 0 | 8 | 0 |
| 324 കരിശുഭാഷ. | ,, | 0 | 6 | 6 |
| 7023 ചതിര ഒററത്തട്ടു. | ,, | 0 | 10 | 0 |
| 7231 ചതുര എരട്ടത്തട്ടു വലുതു | ,, | 0 | 12 | 0 |
| 399 നക്ഷത്രഭാഷ. | ,, | 0 | 13 | 6 |
| 321 മുന്തിരിങ്ങാ വള്ളിക്കെട്ടു | ,, | 0 | 13 | 6 |
| 398 കരിശാകൃതി. ,, | ൧ക്ക | 0 | 10 | 0 |
| 389 ചങ്കുഭാഷകാശു ,, | ൧ക്ക | 0 | 5 | 0 |

## പിള്ളക്കാശുരൂപങ്ങൾ.

| | | | | |
|---|---|---|---|---|
| ൧-ാം തരം ഡസ്സൻ | 1 ക്ക | 5 | 0 | 0 |
| കാശു ൨-ാംതരം ഡസൻ | ൧ക്ക | 3 | 12 | 0 |
| ടി. ൩-ാംതരം ,, | ൧ക്ക | 3 | 6 | 0 |
| ടി. ൪-ാംതരം ,, | ൧ക്ക | 2 | 10 | 0 |
| ടി. ൫-ാംതരം ,, | ൧ക്ക | 1 | 14 | 0 |

## കുരിശുകൾ.

| | | | | |
|---|---|---|---|---|
| അലൂ: കരിശു $5\frac{1}{4}$ ഇഞ്ച് ഡസൻ | 1 | 10 | 8 | 0 |
| ടി ,, $4\frac{3}{4}$ ,, ,, | 1ക്ക | 7 | 8 | 0 |
| ടി. ,, $2\frac{1}{4}$ ,, ,, | 1ക്ക | 2 | 10 | 0 |
| ടി ,, $1\frac{3}{4}$ ,, ,, | 1ക്ക | 1 | 14 | 0 |
| ചീനവെള്ളി ,, ,, | 1ക്ക | 0 | 1 | 9 |
| 389 പുള്ളിക്കൊന്ത ,, | 1ക്ക | 3 | 10 | 0 |
| 233 ഉരുക്കുകെട്ട് ,, | 1ക്ക | 2 | 14 | 0 |
| 390-ാംനമ്പ്രപുള്ളിക്കൊന്ത ,, | 1ക്ക | 4 | 0 | 0 |

## പടങ്ങൾ.

| | | | |
|---|---|---|---|
| 8×10 വലിപ്പം സ്വിസ്. പടം ഡ. | 1 | 8 | 0 |
| ടി ജർമ്മൻ പടം ,, | 1 | 12 | 0 |
| 13×17 ടി ടി ,, | 4 | 14 | 0 |
| 16×20 ടി ടി ,, | 6 | 6 | 0 |
| പ്രാർത്ഥനക്കു സയിസു പടങ്ങൾ ,, | 0 | 4 | 6 |
| ടി ടി 100-ക്ക | 2 | 0 | 0 |
| 240 പടമുള്ള പാളിപ്പടംപള്ളി 1ക്ക | 1 | 14 | 0 |

## പുസ്തകങ്ങൾ.

| | | | |
|---|---|---|---|
| 1 വ്യാകുലപങ്കപ്പാട്ടു ചരിത്രം 1ക്ക | 1 | 0 | 0 |
| 2 അന്തോനീസിൻ ചരിത്രം ,, | 0 | 5 | 0 |
| 3 കൊച്ചുത്രേസ്യാ ചരിത്രം | 0 | 5 | 3 |
| 4 വ്യാകുലപ്രസംഗം | 0 | 4 | 6 |
| 5 ദേവമാതാവിൻ അമ്മാന | 0 | 8 | 0 |
| 6 ജ്ഞാനസൌന്ദര്യത്തിൻ അമ്മാന | 0 | 8 | 0 |
| 7 പുത്തൻപാന | 0 | 4 | 6 |
| 8 ശുദ്ധീകരവണക്കം | 0 | 13 | 6 |
| 9 നിത്യാരാധന | 2 | 0 | 0 |
| 10 പീയൂഷസംഗ്രഹം | 0 | 10 | 0 |
| 11 തിരുഹൃദയവണക്കം | 0 | 10 | 0 |
| 12 അത്ഭുതലീലിപ്പുഷ്പം | 0 | 4 | 0 |
| 13 കുടുംബപ്രതിഷ്ഠ | 0 | 2 | 0 |
| 14 ദേവമാതാവിൻ വണക്കം | 0 | 13 | 6 |
| 15 ടി. ക്രുട്ടിക്കത്തിയതു്. | 1 | 6 | 0 |

**P. Pappy & Co.,**

Mannanam, Travancore

Registred No. M. 365. No. T. 2.

# പുതിയ ലേലച്ചിട്ടി.

൧൧൦൦ കുംഭം ൧൬- ചിട്ടി ആരംഭിക്കും. ആണ്ടിൽ രണ്ടു വീതം നടത്തി ഒമ്പതര കൊല്ലംകൊണ്ടവസാനിക്കും.

## മുതൽ രൂപാ മുപ്പതിനായിരം.

| ചിട്ടിയുടെ വിഭാഗങ്ങൾ. | ഏ. | ബി. | സി. |
|---|---|---|---|
| ഒരു നമ്പരിനു മുതൽ രൂപാ | 1200 | 600 | 300 |
| ചിട്ടി പിടിച്ചാൽ പിന്നീടു വെക്കേണ്ടി വരുന്നതു്. | .60 | 30 | 15 |
| ഒരുവർ പലിശനീക്കി വെക്കേണ്ടിവരാവുന്നതു് | 36 | 18 | 9 |

ഒരാൾക്കു് ഓരോ വിഭാഗങ്ങളിലും അധികം നമ്പരുകൾ എടുത്തു് എത്ര

ആയിരം രൂപയ്ക്കു വേണമെങ്കിലും ചേരാം.

ഇതിൽ ഒന്നോ രണ്ടോ നമ്പരുകൾ പിടിച്ചാൽ ശേഷം നമ്പരുകൾക്കു് ഇറക്കുള്ള സംഖ്യ ഈടുകാണിച്ചും പണം വാങ്ങാവുന്നതാണു്.

## നിശ്ചിതദിവസംതന്നെ നിയമപ്രകാരം റജിസ്റ്റർ ചെയ്തു് ചിട്ടി ആരംഭിക്കും.

മുമ്പു ഞങ്ങൾ മുറയ്ക്കു നടത്തി വട്ടമെത്തിച്ചിട്ടുള്ളതു കൂടാതെ ഇപ്പോൾ 15,000-21,000-50,000 ഇങ്ങനെ എൺപത്താറായിരം രൂപ മുതലുള്ള മൂന്നു ചിട്ടികൾ കണിശമായും ഔദാര്യപൂർവ്വവും നടത്തിവരുന്നു. ഇതിൽ പതിനയ്യായിരം രൂപയുടെ ചിട്ടി ഇതാ അവസാനിക്കാൻ പോകുന്നു. ഇനിയും ഒരു ചിട്ടിമാത്രമേ ലേലം ചെയ്യാനുള്ളു. അതിലെ ചിറ്റാളന്മാരിൽ പലരും നിർബന്ധപൂർവ്വം ആവശ്യപ്പെട്ടതിനാലും ചിട്ടി നടത്തിപ്പിൽ ഞങ്ങൾക്കുണ്ടായിട്ടുള്ള വളരെ നാളത്തെ പരിചയം നിമിത്തവുമാണു് ഒരു ചിട്ടികൂടി ആരംഭിക്കുന്നതു്.

ചിട്ടി പിടിക്കുന്നവർക്കു ഈടാധാരം റജിസ്റ്റാക്കുന്ന ദിവസംതന്നെ റജിസ്ട്രാരുടെ മുമ്പാകെവെച്ചു ഞങ്ങൾ പണം കൊടുക്കുന്നു. പണം കിട്ടേണ്ട കാലാവധിക്കുമുമ്പു് ആവശ്യപ്പെടുന്നവർക്കും കൊടുക്കുന്നുണ്ടു്. ഇതിലേക്കു ഞങ്ങളുടെ ചിട്ടിയിൽ ചേർന്നിട്ടുള്ള പ്രഭുക്കന്മാരും, ഉദ്യോഗസ്ഥന്മാരും, സാധാരണന്മാരും, സാധുക്കളും, പല താലൂക്കുകളിലെ സബ്റജിസ്ട്രാരന്മാരും സാക്ഷികളാണു്.

ചിട്ടി പിടിക്കുന്നവർക്കെല്ലാം ഇപ്രകാരം ഉടനടൻ പണം കൊടുക്കുന്ന കാര്യം മാത്രം ആലോചിച്ചാൽ ആ ചിട്ടി നടത്തിപ്പിലുള്ള സകല കാര്യങ്ങളുടെയും സുഗമതം നിർണ്ണയിക്കാം.

ഇതിനുമുമ്പു ഞങ്ങൾ ചിട്ടി മുതലിച്ചകാലത്തു നിശ്ചിതതീയതിക്കു മുമ്പുതന്നെ ആളു തികഞ്ഞുപോകയാൽ പലർക്കും ചിട്ടിയിൽ ചേരാൻ സാധിക്കാതെ വന്നിട്ടുണ്ടു്. അതിനാൽ ചേരണമെന്നാഗ്രഹിക്കുന്നവർ മുമ്പുകൂട്ടി ഫോറങ്ങൾ വാങ്ങി ഒപ്പിട്ടു് ഏ. നമ്പരിനു 2 ക. യും, ബീക്കു 1 ക. യും, സീക്കു് അര ക. യും അഡ്വാൻസുസഹിതം ഉടനേ ഇവിടെ അയച്ചുതരേണ്ടതാണു്.

പി. കെ. നൈനാൻ തരകൻ, വക്കീൽ, തിരുവല്ലാ.
പി. കെ. കൊച്ചീപ്പൻ തരകൻ, 'മ. മനോരമ', കോട്ടയം.